2023
JULY
06
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കേരളത്തിലെ 4 വാണിജ്യ ബാങ്കുകളുടെ ബിസിനസ് : ഒരു ലക്ഷം കോടിയുടെ വർധന

**കൊച്ചി:** കേരളം ആസ്ഥാനമായുള്ള 4 വാണിജ്യ ബാങ്കുകളുടെ മൊത്തം ബിസിനസിൽ ഒരു ലക്ഷം കോടി രൂപയുടെ വർധന. 4 ബാങ്കുകളും ജൂൺ 30ന് അവസാനിച്ച ത്രൈമാസത്തിൽ വായ്പയിലും നിക്ഷേപത്തിലും നേടിയ മികച്ച വളർച്ചയുടെ ഫലമാണിത്. സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദം ബാങ്കിങ് വ്യവസായത്തിനു പൊതുവേ മോശമാണെന്നിരിക്കെയാണു കേരള ബാങ്കുകളുടെ നേട്ടം.

ആകെ 5,48,552.78 കോടിയുടെ ബിസിനസായിരുന്നു ഈ ബാങ്കുകൾക്ക് 2022 ജൂൺ 30ന് അവസാനിച്ച ത്രൈമാസത്തിലുണ്ടായിരുന്നത്. ഇക്കഴിഞ്ഞ ത്രൈമാസത്തിലെ ബിസിനസ് 6,47,937.20 കോടി. പ്രവർത്തന ഫലം പരിഗണിക്കാൻ ബാങ്കുകളുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം ചേരാനിരിക്കുന്നതേയുള്ളൂ.

അതിനാൽ ഫല പ്രഖ്യാപനവും നടന്നിട്ടില്ല. എന്നാൽ ഓഹരി വിലയെ സ്വാധീനിക്കാനിടയുള്ള വിവരങ്ങൾ പരസ്യമാകുന്നതിനു മുമ്പ് അറിയിച്ചിരിക്കണമെന്ന സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയുടെ (സെബി) വ്യവസ്ഥ പ്രകാരം ഒന്നാം പാദ പ്രവർത്തനവുമായി ബന്ധപ്പെട്ടു സ്റ്റോക് എക്സ്ചേഞ്ചുകൾക്കു സമർപിച്ചിട്ടുള്ള കണക്കുകൾ മാത്രമാണു ലഭ്യമായിട്ടുള്ളത്.

വായ്പ വളർച്ചയിൽ ഏറ്റവും വലിയ നേട്ടം കൈവരിച്ചിരിക്കുന്നതു സിഎസ്ബി ബാങ്കാണ്. 30.40 ശതമാനമാണു വാർഷികാടിസ്ഥാനത്തിലുള്ള വർധന. നിക്ഷേപ വളർച്ച 20.77%. ഫെഡറൽ ബാങ്കിന്റെ വായ്പയിലെയും നിക്ഷേപത്തിലെയും വർധന 21% വീതം. ദേശീയ ശരാശരിയെ പിന്നിലാക്കുന്നതാണു സിഎസ്ബി ബാങ്കിന്റെയും ഫെഡറൽ ബാങ്കിന്റെയും വായ്പയുടെ വളർച്ച. ധനലക്ഷ്മി ബാങ്കിനു വായ്പയിൽ 15% വളർച്ച നേടാൻ കഴിഞ്ഞു. എന്നാൽ നിക്ഷേപ വളർച്ച 6% മാത്രം. സൗത്ത് ഇന്ത്യൻ ബാങ്ക് വായ്പയിൽ 14.53 ശതമാനവും നിക്ഷേപത്തിൽ 8.31 ശതമാനവുമാണു വർധന നേടിയിട്ടുള്ളത്.



# മഴ 3 ദിവസം കൂടി; 6 ജില്ലകളിൽ ഓറഞ്ച് അലർട്ട്

## 11 ജില്ലകളിൽ അവധി

**തിരുവനന്തപുരം:** സംസ്ഥാനത്തു 3 ദിവസം കൂടി ശക്തമായ മഴ തുടരും. ഇന്ന് ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് അലർട്ട് (അതിശക്തമായ മഴ) പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ യെലോ അലർട്ടാണ് (ശക്തമായ മഴ).

കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട്, കൊല്ലം ജില്ലകളിൽ പ്രഫഷനൽ കോളജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധി പ്രഖ്യാപിച്ചു. മാഹിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയാണ്. എംജി സർവകലാശാല ഇന്നു നടത്താനിരുന്ന പരീക്ഷകൾ മാറ്റിവച്ചു. മറ്റു സർവകലാശാലാ, പിഎസ്സി പരീക്ഷകൾക്കു മാറ്റമില്ല. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലും പ്രഫഷനൽ കോളജുകളടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ചു.

ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിലുണ്ടായ മിന്നൽച്ചുഴലിയിൽ വീടുകൾക്കും കൃഷിയിടങ്ങൾക്കും വ്യാപകനാശം. വൈദ്യുതത്തൂണുകൾ തകർന്ന് പലയിടത്തും വൈദ്യുതബന്ധമറ്റു. തൃശൂർ ജില്ലയിൽ തന്നെ തൃക്കൂർ, അളഗപ്പ നഗർ പഞ്ചായത്തുകളിൽ രാവിലെ 8.16നു ഭൂമിക്കടിയിൽനിന്നു മുഴക്കം അനുഭവപ്പെട്ടത് ജനങ്ങളെ പരിഭ്രാന്തരാക്കി. എന്നാൽ ഇതു ഭൂചലനമായി സ്ഥിരീകരിച്ചിട്ടില്ല. സംസ്ഥാനമെങ്ങും ഡാമുകളിൽ ജലനിരപ്പ് ഉയർന്നു. കോട്ടയം ജില്ലയിൽ മണിമല, മീനച്ചിലാറുകളിൽ ജലനിരപ്പ് അപകടനിലയിലുമുയർന്നു. ഭൂതത്താൻകെട്ടിൽ നിന്നു വെള്ളം ഒഴുക്കിവിടുന്നതു കൂട്ടിയതോടെ പെരിയാറിലെ ജലനിരപ്പ് ഒന്നര മീറ്ററോളം ഉയർന്നിട്ടുണ്ട്.

## കൊപ്ര സംഭരണം: നാളികേര വികസന കോർപറേഷൻ വിഎഫ്പിസികെ ധാരണ

**കോഴിക്കോട്:** സംസ്ഥാനത്ത് കൊപ്രസംഭരണത്തിന് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ഓഫ് കേരള (വിഎഫ്പിസികെ) നാളികേര വികസന കോർപറേഷനുമായി സഹകരിക്കാൻ ധാരണ. കൃഷിമന്ത്രി പി. പ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതദ്യോഗസ്ഥ യോഗത്തിൽ ഇതു സംബന്ധിച്ച പ്രാഥമികതീരുമാനമായി. നാളികേര വികസന കോർപറേഷനിൽ നിന്ന് അന്തിമ തീരുമാനമുണ്ടായശേഷം നടപടികളിലേക്ക് കടക്കും.



വിഎഫ്പിസി ഇപ്പോൾ സംഭരിക്കുന്ന പച്ചത്തേങ്ങ കൊപ്രയാക്കി മാറ്റാനാണ് നാളികേര വികസന കോർപറേഷന്റെ സഹകരണം ഉണ്ടാകുക. കൊപ്രയാക്കി നാഫെഡിനു കൈമാറും. സംഭരിക്കുന്ന തേങ്ങ കേരഫെഡ് വഴി കൊപ്രയാക്കി നാഫെഡിനു കൊടുക്കാൻ പറ്റാത്ത സാഹചര്യമുണ്ടായിരുന്നത് ഇതോടെ മാറും. വെളിച്ചെണ്ണ ഉൽപാദിപ്പിക്കുന്നവരിൽനിന്ന് കൊപ്ര സംഭരിക്കാൻ നാഫെഡിന് അനുവാദമില്ലാത്തതാണ് ഈ തടസ്സം. കേരഫെഡ് വെളിച്ചെണ്ണ ഉൽപാദകരാണ്. നാളികേര വികസന കോർപറേഷന്റെ വരവ് സംഭരിക്കുന്ന തേങ്ങയുടെ നീക്കം വേഗത്തിലാക്കുമെന്നു കരുതുന്നു.

## വെസ്റ്റിൻഡീസിനെതിരായ ട്വന്റി 20: സഞ്ജു ടീമിൽ

വെസ്റ്റിൻഡീസിനെതിരായ ടപന്റി 20 മത്സരത്തിനുള്ള ഇന്ത്യൻ ടീമിനെ തിരഞ്ഞെടുത്തു. സഞ്ജു സാംസൺ ടീമിൽ തിരിച്ചെത്തി. യശസ്വി ജയ്സ്വാൾ, തിലക് വർമ എന്നിവരും ആദ്യമായി ടീമിൽ ഇടം പിടിച്ചു. അജിത് അഗാർക്കറിന്റെ നേതൃത്വത്തിലുള്ള സെലക്ഷൻ സംഘമാണ് 15 അംഗം ടീമിനെ തിരഞ്ഞെടുത്ത്.

ഹർദിക് പാണ്ഡ്യയാണ് ക്യാപ്റ്റൻ. വിരാട് കോലിയും രോഹിത് ശർമയും ടീമിലില്ല. സൂര്യകുമാർ യാദവ് ആണ് വൈസ് ക്യാപ്റ്റൻ. ടീം അംഗങ്ങൾ: ഇഷൻ കിഷൻ, ശുഭ്മാൻ ഗിൽ, യശസ്വി യാദവ്, തിലക് വർമ, സൂര്യകുമാർ യാദവ്, സഞ്ജു സാംസൺ, ഹർദിക് പാണ്ഡ്യ, അക്സർ പട്ടേൽ, യുസ്വേന്ദ്ര ചഹൽ, കുൽദീപ് യാദവ്, രവി ബിഷ്ണോയ്, അർഷ്ദീപ് സിങ്, ഉമ്രാൻ മാലിക്ക്, അവേശ് ഖാൻ, മുകേഷ് കുമാർ.





# മഴയെത്തും മുൻപേ മഴയുടെ പേരിൽ ഹൈവേ നിർമാണം നിർത്തി

**വിതുര:** ഈ വർഷം നാല് മാസത്തോളം മഴ പെയ്യാതിരുന്നിട്ടും പൊന്മുടി സംസ്ഥാന ഹൈവേ പുനർനിർമാണത്തിൽ ഉഴപ്പിയ കരാർ കമ്പനി, മഴയുടെ മറവിൽ പണി നടത്താതെ രണ്ടാഴ്ച പിന്നിടുന്നു. മേഖലയിൽ മഴ ശക്തമായിട്ട് 5 ദിവസത്തിൽ താഴെ മാത്രമേ ആയിട്ടുള്ളൂ. രണ്ടാഴ്ചയായി പണി ചെയ്യാത്തിനു പിന്നിൽ കനത്ത മഴയെന്ന കാരണമാണു വിശദീകരണമായി കരാർ കമ്പനി നൽകിയിരിക്കുന്നതെന്നു പുനർ നിർമാണ പദ്ധതിയുടെ ചുമതലയുള്ള കെഎസ്ടിപി( കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്)യുടെ എക്സിക്യൂട്ടീവ് എൻജിനീയർ പറഞ്ഞു. മഴ കാര്യമായി പെയ്യാതിരുന്ന മാസങ്ങളിൽ പണി ചെയ്തിരുന്നെങ്കിൽ നിലവിൽ ഉണ്ടായ ബുദ്ധിമുട്ട് നന്നേ ചുരുങ്ങിയേനെ. പാതി വഴിയിലായ റോഡ് പണി നാട്ടുകാരുടെ നടുവൊടിക്കുകയാണ്. രണ്ടാഴ്ചയായി കരാർ കമ്പനി അധികൃതരെ റോഡ് പണി നടക്കുന്ന ഒരു ഭാഗത്തും കാണാനില്ലായിരുന്നു.

തുടർന്നു നടത്തിയ അന്വേഷണത്തിലാണു മഴയെ പഴിച്ചു പണി നിർത്തിവച്ചിരിക്കുന്ന വിവരം ലഭിച്ചത്. പല ഭാഗങ്ങളിലായി പുരോഗമിച്ചിരുന്ന പണി ഭാഗികമായെങ്കിലും പൂർത്തിയായിട്ടില്ല. റോഡ് പലയിടത്തും വെട്ടിപ്പൊളിച്ചു നാശിപ്പിച്ച സ്ഥിതിയിലാണ്. ചിലയിടത്താണെങ്കിൽ മെറ്റലുകൾ വാരി നിരത്തിയിരിക്കുന്നു. ഇവിടെ പലയിടത്തും മെറ്റലിനൊപ്പം വിതറിയ മണ്ണ് ഒലിച്ചുപോയി അപകടക്കുഴികൾ രൂപപ്പെട്ടു കഴിഞ്ഞു. മറ്റു ചിലയിടത്ത് ഓട അടഞ്ഞു റോഡിൽ വെള്ളക്കെട്ട് രൂപപ്പെട്ടു. മഴയില്ലാതിരുന്ന കാലത്തു പരമാവധി പണി തീർത്ത് മഴക്കാലത്തിനു മുൻപേ ഹൈവേയിലൂടെയുള്ള ഗതാഗതം സുഗമമാക്കണമെന്നു കക്ഷി രാഷ്ട്രീയ പ്രതിനിധികളും ജനപ്രതിനിധികളും നിരന്തരം സമ്മർദം ചെലുത്തിയിരുന്നു. എന്നാൽ കരാർ കമ്പനി അധികൃതർ ഇതിനോടു മുഖം തിരിച്ചു.

റോഡിൽ നിരന്തര അപകടങ്ങളാണ്. വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡായതിനാൽ ഒരു ദിവസം സഞ്ചരിക്കുന്നവരിൽ 60 % പേരെങ്കിലും പതിവു യാത്രക്കാരല്ലെന്നതാണു കണക്ക്. അത് അപകടാവസ്ഥ പതിന്മടങ്ങു കൂട്ടുന്നു. ശരിക്കും വെട്ടിലായതു ഹൈവേയുടെ ഇരു വശവും താമസിക്കുന്നവരാണ്. റോഡ് പണി എങ്ങുമെത്താതെ തുടരുന്നതോടെ പല വീട്ടുകാർക്കും സുഗമമായി വീടുകളിലേക്കു കയറാനോ ഇറങ്ങാനോ പറ്റാത്ത സ്ഥിതിയാണ്. വ്യാപാര സ്ഥാപനങ്ങളിലേക്കുള്ള വഴിയും തടസ്സപ്പെടുന്നുണ്ട്. തൊളിക്കോട് ജംക്ഷനിൽ 4 കടകൾ റോഡ് പണി തുടങ്ങിയതിനു ശേഷം പൂട്ടി. മറ്റു സ്ഥാപനങ്ങളിലും കച്ചവടം നന്നേ കുറവാണ്



# വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് നിർമാണം പുരോഗമിക്കുന്നു

**വിഴിഞ്ഞം:** കനത്ത മഴക്കിടയിലും വിഴിഞ്ഞം രാജ്യാന്തര തുറമുഖത്ത് നിർമാണ ജോലികൾ പുരോഗമിക്കുന്നു. പുലിമുട്ടിനു മുകളിൽ കോൺക്രീറ്റ് പാത നിർമിക്കുന്നതിനോടനുബന്ധിച്ച ജോലികളാണ് കഴിഞ്ഞ ഏതാനും ദിവസങ്ങളായി നടക്കുന്നത്. തിരയെ പ്രതിരോധിക്കുന്ന കോൺക്രീറ്റ് നിർമിത മതിലും (വേവ് വാൾ) കോൺക്രീറ്റ് പാതയുമാണ് നിർമിക്കുന്നത്.

മാതൃക എന്ന നിലക്ക് 100 മീറ്ററോളം ഇതു പണിതിട്ടുണ്ട്. പുലിമുട്ടിന്റെ തുടക്കം മുതൽ ഈ സീസണിൽ പരമാവധി ദൂരം പാത നിർമിക്കാനാണ് പദ്ധതിയെന്നു ബന്ധപ്പെട്ടവർ പറഞ്ഞു. ഇതിനായി വശത്ത് കൂടുതൽ വലുപ്പമേറിയ കരിങ്കല്ലുകൾ അടുക്കി പാത രൂപപ്പെടുത്തുന്ന ജോലിയാണ് കൂറ്റൻ ക്രെയിനുകളുടെ സഹായത്തോടെ നടക്കുന്നത്.

പുലിമുട്ടിന്റെ നിലവിലെ പൊക്കത്തേക്കാൾ രണ്ടു മീറ്ററോളം ഉയരത്തിലാണ് വാൾ വരുക. മുൻകൂട്ടി തയാറാക്കിയ പ്രീ കാസ്റ്റ് കോൺക്രീറ്റ് നിർമിതിയാണ് പുലിമുട്ടിന്റെ തിരയടിക്കുന്ന ഭാഗത്ത് മാത്രം മതിൽ എന്ന നിലക്ക് സ്ഥാപിക്കുക. ഇതിനുള്ളിൽ നിലവിലെ തറ നിരപ്പിൽ നിന്നു ഒരു മീറ്ററോളം പൊക്കത്തിലാവും കോൺക്രീറ്റ് പാത നിർമിക്കുക എന്നും ബന്ധപ്പെട്ടവർ പറഞ്ഞു. പൂർണ തോതിൽ പാതയാകുന്നതോടെ തുടർ പുലിമുട്ടു നിർമാണത്തിനുള്ള കരിങ്കല്ലു നിക്ഷേപത്തിനു ലോറികൾക്ക് ഇതിലൂടെ പോകാനാകും.

ഭാവിയിൽ പുലിമുട്ടു അറ്റകുറ്റപ്പണികൾ ഉൾപ്പെടെയുള്ള ജോലികൾക്കും വാഹനങ്ങൾക്ക് ഈ പാത ഉപകാരപ്പെടുമെന്ന് അധികൃതർ പറഞ്ഞു.അതിനിടെ സെപ്റ്റംബർ അവസാനം കപ്പൽ അടുപ്പിക്കുമെന്ന സർക്കാർ പ്രഖ്യാപനമനുസരിച്ചുള്ള ശേഷിച്ച ജോലികളും തുറമുഖത്ത് നടക്കുന്നുണ്ട്. ബെർത്തു നിർമാണവും പൂർത്തിയാകുകയാണ്.

# 139 വീടുകൾ ഭാഗികമായി തകർന്നു, 7.17 കോടി രൂപയുടെ കൃഷിനാശം

**ആലപ്പുഴ :** ശക്തമായി തുടരുന്ന മഴയിൽ നാശനഷ്ടങ്ങൾ വർധിക്കുന്നു. ഇന്നലെ മാത്രം ഒരു വീട് പൂർണമായും 39 വീടുകൾ ഭാഗികമായയും തകർന്നു. ഇതുൾപ്പെടെ 3 ദിവസത്തിനുള്ളിൽ 139 വീടുകൾ തകർന്നു. 7.17 കോടി രൂപയുടെ കൃഷി നശിച്ചെന്നാണു കൃഷി വകുപ്പിന്റെ കണക്ക്. 441.11 ഹെക്ടറിലെ കൃഷിയാണു നശിച്ചത്. ഇന്നലെ വരെ 9 ദുരിതാശ്വാസ ക്യാംപുകൾ തുറന്നു. തോട്ടപ്പള്ളി, അന്ധകാരനഴി പൊഴികൾ മുറിച്ചു കടലിലേക്കുള്ള വെള്ളമൊഴുക്ക് സുഗമമാക്കി. ചെറുതും വലുതുമായി 17 പൊഴികൾ മുറിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ താലൂക്കിൽ ആറും ചേർത്തലയിൽ രണ്ടും മാവേലിക്കരയിൽ ഒന്നും ക്യാംപുകളാണ് പ്രവർത്തിക്കുന്നത്. 64 കുടുംബങ്ങളിലെ 230 പേരെ ക്യാംപുകളിലേക്കു മാറ്റി. ചെങ്ങന്നൂരിലെ ക്യാംപുകളിൽ 33 കുടുംബങ്ങളിലെ 125 പേരുണ്ട്. കീഴ്ചേരിമേൽ ജെബിഎസ്, തിരുവൻവണ്ടൂർ എച്ച്എസ്എസ്, പാണ്ടനാട് ജെബിഎസ്, മാന്നാർ ചെങ്കിലാത്ത് എൽപിഎസ്, എണ്ണയ്ക്കാട് വില്ലേജിലെ പകൽവീട്, ഇരമല്ലിക്കര ഹിന്ദു യുപിഎസ് എന്നിവയാണ് ക്യാംപുകൾ. ചേർത്തലയിൽ 28 കുടുംബങ്ങളിലെ 85 പേർ ക്യാംപുകളിലാണ്. കോണാട്ടുശേരി സ്കൂളും കണ്ണിക്കാട്ട് സ്കൂൾ എന്നിവയാണ് ക്യാംപുകൾ. മാവേലിക്കരയിലെ ക്യാംപിൽ 3 കുടുംബങ്ങളിലെ 20 പേരുണ്ട്.

ജില്ലയിലെ സ്കൂളുകളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിക്കും. വെള്ളക്കെട്ട് ഒഴിവാക്കും. തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കും ഡിഡിഇക്കും ഇതിനായി കലക്ടർ നിർദേശം നൽകി. ദുരിതാശ്വസ ക്യാംപുകൾ തുടങ്ങാൻ 486 കെട്ടിടങ്ങൾ കണ്ടെത്തിയതായി യോഗം വിലയിരുത്തി. മൂന്ന് സൈക്ലോൺ ഷെൽറ്ററുകളും സജ്ജമാണ്.

അപ്പർകുട്ടനാട്ടിൽ കിഴക്കൻ വെള്ളം കൂടി എത്തിയതോടെ പമ്പാനദിയിലും അച്ചൻകോവിലാറ്റിലും ജലനിരപ്പ് ഉയർന്നു. പലയിടത്തും നദികൾ കരകവിയാറായിട്ടുണ്ട്. കുട്ടനാ!ട്ടിലെയും അപ്പർ കുട്ടനാട്ടിലെയും വെള്ളപ്പൊക്കം കുറയ്ക്കാൻ തോട്ടപ്പള്ളി സ്പിൽവേ പൊഴി 100 മീറ്റർ വീതിയിൽ ഇന്നലെ രാവിലെ മുറിച്ചു. പകൽ നീരൊഴുക്കു കുറവായിരുന്നു. ജലവിഭവ വകുപ്പ് എക്സിക്യൂട്ടിവ് എൻജിനീയർ എം.സി.സജീവ് കുമാറിന്റെ നേതൃത്വത്തിലായിരുന്നു പ്രവർത്തനങ്ങൾ.

കുട്ടനാട്ടിൽ പള്ളാത്തുരുത്തി മേഖല ഒഴികെയുള്ള ഭാഗങ്ങളിൽ ജലനിരപ്പ് അപകടനിലയ്ക്കു മുകളിലാണ്. എസി റോ!!ഡ് നവീകരണ ജോലികൾ രണ്ടാം ദിവസവും നിർത്തിവച്ചു. മരം വീണ് 5 വീടുകൾ കൂടി ഭാഗികമായി നശിച്ചു. പലയിടത്തും രണ്ടാംകൃഷി വെള്ളത്തിലായി. പുളിങ്കുന്ന് താലൂക്ക് ആശുപത്രിക്കു സമീപം കുമ്പളം പാലത്തിനടിയിൽ മാലിന്യങ്ങൾ അടിഞ്ഞതിനാൽ ജലഗതാഗതം തടസ്സപ്പെട്ടു

കനത്ത മഴയിൽ വേമ്പനാട്ടു കായലിലും മറ്റു ജലാശയങ്ങളിലും ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ ചെറിയ ബോട്ടുകളുടെ സർവീസ് നിർത്താൻ കലക്ടർ ഉത്തരവിട്ടു. ശിക്കാര വള്ളങ്ങൾ, മോട്ടർ ശിക്കാരകൾ, മോട്ടർ ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ, ടൂറിസം കയാക്കിങ് ബോട്ടുകൾ എന്നിവയുടെ സർവീസ് താൽക്കാലികമായി നിർത്താനാണ് ഉത്തരവ്. സർവീസ് ബോട്ടുകൾക്കും ഹൗസ്ബോട്ടുകൾക്കും വിലക്കില്ല.

മഴയിലും കാറ്റിലും ജില്ലയിൽ 7.17 കോടി രൂപയുടെ കൃഷി നശിച്ചു. 441.11 ഹെക്ടറിലായാണിത്. 3,005 കർഷകരെയാണ് ഇതു ബാധിച്ചത്. നെൽകൃഷിയിലാണ് ഏറ്റവും വലിയ നഷ്ടം 3.8 കോടിയോളം. 253.23 ഹെക്ടറിലെ കൃഷി നശിച്ചതിലൂടെ 348 കർഷകർക്കു നഷ്ടമുണ്ടായി. വാഴക്കൃഷിയിലെ നഷ്ടം 2.8 കോടിയാണ്.

# കൊടുമൺ റൈസ് മിൽ യാഥാർഥ്യമാകുന്നു

**കൊടുമൺ:** ജില്ലയിലെ നെൽക്കർഷകരുടെ പ്രതീക്ഷയായ കൊടുമൺ റൈസ് മിൽ യാഥാർഥ്യമാകുന്നു. ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ അങ്ങാടിക്കൽ ഒറ്റത്തേക്കിലാണ് മില്ല് പൂർത്തിയാകുന്നത്. ദിവസം 2000 കിലോഗ്രാം നെല്ല് പുഴുങ്ങി, ഉണക്കി, കുത്തി അരിയാക്കി സംസ്കരിക്കാൻ ശേഷിയുള്ള ആധുനിക രീതിയിലുള്ള മില്ലാണിത്. യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്ന ജോലികൾ ഏകദേശം പൂർത്തിയായി. നെല്ല് പുഴുങ്ങാൻ ഉപയോഗിക്കുന്ന സ്റ്റീം ബോയ്‌ലർ, ഉണക്കാനുള്ള ഡ്രയർ, അരിയാക്കി മാറ്റുന്ന റബർ ഷെല്ലർ, അരി, മങ്കരി, നുറുക്കരി എന്നിവ വേർതിരിക്കാനുള്ള യന്ത്രം എന്നിവ സ്ഥാപിച്ചു കഴിഞ്ഞു.



അടുത്ത മാസത്തോടെ പ്രവർത്തന സജ്ജമാകുമെന്നാണു പ്രതീക്ഷ. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെയാണ് മില്ല് സ്ഥാപിക്കുന്നത്. ഏകദേശം ഒരു കോടിയോളം ചെലവ് വരുന്നുണ്ട്. വൈദ്യുതി കണക്‌ഷൻ നൽകുന്ന പ്രവർത്തനങ്ങളാണ് പൂർത്തിയാകാനുള്ളത്. ഇതിനായി ട്രാൻസ്ഫോമർ സ്ഥാപിച്ചു. കൊടുമൺ, വള്ളിക്കോട്, പന്തളം തെക്കേക്കര തുടങ്ങിയ പഞ്ചായത്തുകൾക്ക് പദ്ധതികൊണ്ട് ഏറെ പ്രയോജനമുണ്ടാകും. കൊടുമൺ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ വിപണിയിൽ ഇറക്കുന്ന പൊടി ഉൽപന്നങ്ങൾക്കും മില്ല് വരുന്നത് ഗുണകരമാണ്.

നെല്ല് പുഴുങ്ങാനായി ഉപയോഗിക്കുന്ന യന്ത്രം. ദിവസം 2 ടൺ നെല്ല് സംസ്കരിക്കാം.

മങ്കോടു കൂടിയാണ് ഇവയിൽ നെല്ല് ഇടുന്നത്. 7 മണിക്കൂറോളം ചൂടുവെള്ളത്തിൽ നെല്ല് കുതിർത്തെടുക്കും. ഒരു കിലോ നെല്ലിന് വേണ്ടത് ഒന്നര ലീറ്റർ വെള്ളം. ആ സമയം ഉപയോഗശൂന്യമായ മങ്ക് മാറ്റിയെടുക്കും. പാഡി ക്ലീനർ ഇതിനായി ഉപയോഗിക്കുന്നു. അരി കുതിർന്ന് പാകമാകുന്നതോടെ വെള്ളം കളഞ്ഞ് നെല്ല് ആവിയിൽ പുഴുങ്ങിയെടുക്കും. കൂടുതൽ ഗുണമേന്മയും രുചിയുമാണ് ലക്ഷ്യം. പിന്നീട് ഉണക്കാനായി മാറ്റും.

ബോയ്‌ലറിൽ തിളപ്പിച്ച് പുഴുങ്ങിയെടുക്കുന്ന നെല്ല് ഉണക്കാൻ ഡ്രയർ ഉപയോഗിക്കുന്നു. ഏകദേശം അരമണിക്കൂർ കൊണ്ട് നെല്ല് ഉണക്കി സംസ്കരിക്കാൻ പാകത്തിനാക്കുന്നു. തുടർന്ന് ക്ലീനിങ്. നെല്ലിലുള്ള കല്ല്, കട്ട, മങ്ക്, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് ശുദ്ധീകരിക്കുന്നു.

ഇത്തരത്തിൽ ശുദ്ധീകരിച്ച് ശേഖരിക്കുന്ന നെല്ല് മില്ലിങ് ചെയ്ത് ഉമി പൊട്ടിച്ച് കളയുന്നു. റബർ ഷെല്ലർ ഉപയോഗിച്ചാണ് മില്ലിങ് നടത്തുന്നത്. പുഴുങ്ങിയ അരി തവിട് കളയാതെ അരിയാക്കി മാറ്റുന്നു. തുടർന്ന് ഇത്തരത്തിൽ ലഭിക്കുന്ന അരി സോർട്ട് ചെയ്ത് വേർതിരിക്കുന്നു. അരിയിലുള്ള മാലിന്യങ്ങൾ പൂർണമായും നീക്കി ശുദ്ധമായ അരിയാണ് സോർട്ടിങ്ങിലൂടെ ലഭിക്കുന്നത്. ഇതിനായി കളർ സോർട്ടിങ് യന്ത്രമാണ് ഉപയോഗിക്കുന്നത്. പിന്നീട് പായ്ക്കറ്റുകളായി മാറ്റും. 2 കിലോ മുതൽ 100 കിലോ വരെ പായ്ക്കറ്റുകളായി മാറ്റാൻ സാധിക്കുന്ന പാക്കിങ് യന്ത്രങ്ങളും ഇവിടെ സ്ഥാപിക്കും.

പഞ്ചായത്തിന്റെ സ്വന്തം അരിയായ കൊടുമൺ റൈസ് എന്ന പദ്ധതിയുടെ തുടക്കത്തിൽ തന്നെ ഇവിടം കേന്ദ്രീകരിച്ച് റൈസ് മിൽ വേണമെന്ന ആവശ്യം കർഷകർ ഉന്നയിച്ചിരുന്നു. നെല്ലിന്റെ എല്ലാവിധ സംസ്കരണത്തിനും ഇപ്പോൾ കോട്ടയത്തെ ഫാമിങ് കോർപറേഷൻ മില്ലിൽ പോകുന്നതിനാൽ വഴി യാത്രാ ചെലവ്, കയറ്റിറക്ക് കൂലി, സംസ്കരണം എന്നിവയ്ക്കായി ഭീമമായ തുകയാണ് ചെലവാകുന്നത്. മില്ല് വരുന്നതോടെ ഇത്തരത്തിലുള്ള ചെലവ് ഉണ്ടാകുന്നില്ല എന്നതാണ് മെച്ചം. മില്ലിൽ നെല്ല് സംസ്കരിക്കുന്നത് വഴി എല്ലാവിധ സംസ്കരണ മാലിന്യവും ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നതാണ് മെച്ചം. ഉമി കനലായി ഉപയോഗിക്കാം. തവിട് കാലിത്തീറ്റയായും മങ്കരി താറാവ്, കോഴി എന്നിവയുള്ള തീറ്റയായും മാറ്റാം. പൊടിയരി ഉണ്ടാവുകയാണെങ്കിൽ അത് പ്രത്യേക കവറുകളിലാക്കി അരിപ്പൊടി, പൊടിയരി എന്നിവയാക്കാനും സാധിക്കും.

## കനത്ത മഴ, പകർച്ചവ്യാധി പ്രതിരോധം: സ്റ്റേറ്റ് കൺട്രോൾ റൂം ആരംഭിച്ചു

സംസ്ഥാനത്ത് കനത്ത മഴയുടെ സാഹചര്യത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യ ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂം ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്കും ആരോഗ്യ പ്രവർത്തകർക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായാണ് കൺട്രോൾ റൂം ആരംഭിച്ചത്. ആരോഗ്യ പ്രവർത്തകർക്ക് കൺട്രോൾ റൂം നമ്പരിലേക്കും പൊതുജനങ്ങൾക്ക് ഡോക്ടർമാരുടെ പാനലുൾപ്പെട്ട ദിശയിലെ നമ്പരിലേക്കും വിളിക്കാമെന്ന് മന്ത്രി വ്യക്തമാക്കി.

ആരോഗ്യ പ്രവർത്തകർ സംശയ നിവാരണത്തിനായി കൺട്രോൾ റൂമിലെ 9995220557, 9037277026 എന്നീ നമ്പരുകളിലാണ് വിളിക്കേണ്ടത്. പകർച്ചവ്യാധി പ്രതിരോധ ഏകോപനം, ഡേറ്റാ മാനേജ്മെന്റ്, ആശുപത്രി സേവനങ്ങൾ, മരുന്ന് ലഭ്യത, പ്രോട്ടോകോളുകൾ, സംശയ നിവാരണം എന്നിവയാണ് കൺട്രോൾ റൂമിലൂടെ നിർവഹിക്കുന്നത്.

പൊതുജനങ്ങൾക്ക് ആരോഗ്യ സംബന്ധമായ എല്ലാ സംശയങ്ങളും ഡോക്ടർമാരുടെ പാനലുള്ള ദിശ കോൾ സെന്റർ വഴി ചോദിക്കാം. 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ ദിശയുടെ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാണ്. ഇതുകൂടാതെ ഇസഞ്ജീവനി ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. മുൻകരുതലുകൾ, കഴിക്കുന്ന മരുന്നിനെപ്പറ്റിയുള്ള സംശയം, ഏതൊക്കെ ഭക്ഷണം കഴിക്കാം, പരിശോധനാ ഫലത്തെപ്പറ്റിയുള്ള സംശയം, മാനസിക പിന്തുണ, രോഗപ്പകർച്ച തടയുക തുടങ്ങിയവയെല്ലാം സംസാരിക്കാം. അതുമായി ബന്ധപ്പെട്ട വിദഗ്ധ ഡോക്ടർമാർക്ക് ഫോൺ കൈമാറുന്നതാണ്. ദിശയിലെ കൗൺസിലർമാർ, ഡോക്ടർമാർ, ഇസഞ്ജീവനി ഡോക്ടർമാർ എന്നിവരെ കൂടാതെ ജില്ലകളിൽ നിന്നുള്ള ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

## ചൈൽഡ് ഹെൽപ്‌ലൈൻ കോൾ സെന്ററിൽ ഒഴിവുകൾ

**തിരുവനന്തപുരം:** മിഷൻ വാത്സല്യ പദ്ധതി ഭാഗമായി വനിതാ ശിശു വികസന വകുപ്പിന്റെ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്‌ഷൻ സൊസൈറ്റിയുടെ കീഴിൽ ചൈൽഡ് ഹെൽപ്‌ലൈനിന്റെ തിരുവനന്തപുരം പൂജപ്പുരയിലുള്ള സംസ്ഥാന കോൾ സെന്ററിൽ വിവിധ തസ്തികകളിൽ ഒഴിവുണ്ട്.

ഹെൽപ്‌ലൈൻ അഡ്മിനിസ്ട്രേറ്റർ, ഐടി സൂപ്പർവൈസർ, മൾട്ടി പർപ്പസ് സ്റ്റാഫ് എന്നീ തസ്തികയിലെ ഓരോ ഒഴിവിലേക്കും, കോൾ ഓപ്പറേറ്റർ തസ്തികയിലെ 12 ഒഴിവിലേക്കും കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി അപേക്ഷിക്കാം. ഉദ്യോഗാർഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഡയറക്ടർ, സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി സംസ്ഥാന കാര്യാലയം, വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം695012 എന്ന വിലാസത്തിൽ ജൂലൈ 10ന് വൈകിട്ട് 5 മണിക്കകം നൽകണം.

അപേക്ഷഫോമിനും കൂടുതൽ വിവരങ്ങൾക്കും 0471 2342235 എന്ന നമ്പറിൽ ബന്ധപ്പെടുകയോ http://wcd.kerala.gov.in/ സന്ദർശിക്കുകയോ ചെയ്യുക.

## വാക്ക് ഇൻ ഇന്റർവ്യൂ 14ന്

**തൃശ്ശൂർ:** വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ ചുമതലയിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന മോഡൽ ഹോം ഫോർ ഗേൾസിൽ മാനേജർ, അക്കൗണ്ടന്റ്, മൾട്ടി ടാസ്ക് വർക്കർ, സൈക്കോളജിസ്റ്റ് എന്നീ തസ്തികകളിലേക്കും, എൻട്രി ഹോം ഫോർ ഗേൾസിൽ കുക്ക് തസ്തികയിലേക്കും വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

മാനേജർ തസ്തികയിലേക്ക് ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയും കുട്ടികളുടെ സംരക്ഷണ കേന്ദ്രത്തിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത. 25 വയസ് പൂർത്തിയാകണം. പ്രതിമാസം 15000 രൂപയാണ് വേതനം. പ്രതിമാസം 14000 രൂപയാണ് വേതനം. മൾട്ടി ടാസ്ക് വർക്കർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ പത്താം ക്ലാസ് ജയിച്ചിരിക്കണം.

വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജുലൈ 14ന് രാവിലെ 10 മണിക്ക് തൃശ്ശൂർ രാമവർമ്മപുരം മോഡൽ ഹോം ഫോർ ഗേൾസിൽ നടക്കുന്ന ഇന്റർവ്യൂവിന് ഹാജരാകണം.



# പോളപ്പായലിൽ ബാർജ് കുടുങ്ങി; വാട്ടർ മെട്രോ മുടങ്ങി

**കൊച്ചി:** വൈറ്റില കണിയാമ്പുഴയിൽ പോളപ്പായലിൽ ബാർജ് കുടുങ്ങിയതു മൂലം ദേശീയ ജലപാത വഴിയുള്ള ബോട്ട് ഗതാഗതവും ചരക്കു നീക്കവും തടസ്സപ്പെട്ടു. വൈറ്റില കാക്കനാട് റൂട്ടിൽ ഇന്നലെ വാട്ടർ മെട്രോ സർവീസ് നടത്തിയില്ല. ബാർജ് നീക്കിയ ശേഷം മാത്രമേ ഈ റൂട്ടിൽ വാട്ടർ മെട്രോ സർവീസ് പുനരാരംഭിക്കാൻ കഴിയുകയുള്ളൂ എന്ന് കെഎംആർഎൽ അധികൃതർ അറിയിച്ചു.

ചമ്പക്കര കനാലിൽ കണിയാമ്പുഴ പാലത്തിനു സമീപം ഇന്നലെ പുലർച്ചെ നാലരയോടെയാണു ബാർജ് കുടുങ്ങിയത്. ഇവിടെ വലിയതോതിൽ പോള വന്നടിഞ്ഞ സ്ഥിതിയിലാണ്. ഒരാൾക്കു വേണമെങ്കിൽ മുകളിലൂടെ നടന്നു പോകാൻ പോലും കഴിയുന്ന രീതിയിലാണു പോളയെന്ന് നാട്ടുകാർ പറയുന്നു.

അമ്പലമേട്ടിലെ പ്ലാന്റിൽ റോക്ക് ഫോസ്ഫേറ്റ് ഇറക്കി തിരികെ പോകുകയായിരുന്ന ബാർജിൽ 9 ജീവനക്കാരുണ്ട്. പോളപ്പായൽ പ്രൊപ്പല്ലറിൽ കുടുങ്ങുകയും നിയന്ത്രണം തെറ്റി മുന്നോട്ടു നീങ്ങാനാകാതെ കനാലിൽ കുടുങ്ങുകയുമായിരുന്നു എന്നു ജീവനക്കാർ പറഞ്ഞു. കടമ്പ്രയാറിൽ നിറഞ്ഞു കവിഞ്ഞ പോളപ്പായലാണു മഴ ശക്തമായതോടെ മലവെള്ളത്തിൽ കനാലിലേക്ക് ഒഴുകിയെത്തിയത്.



ജെഎസ്എസ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അന്തരിച്ച കെ.ആർ ഗൗരിയമ്മയുടെ 105ാമത് ജന്മദിന സമ്മേളനം ജെഎസ്എസ് സംസ്ഥാന സെന്റർ അംഗം അഡ്വ.സുനിത കെ.വിനോദ് ഉദ്ഘാടനം ചെയ്യുന്നു

# കെ.ആർ ഗൗരിയമ്മയുടെ 105ാമത് ജന്മദിന സമ്മേളനം നടത്തി

**കൊച്ചി:**ജെഎസ്എസ് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അന്തരിച്ച കെ.ആർ ഗൗരിയമ്മയുടെ 105ാമത് ജന്മദിന സമ്മേളനവും അന്നദാനവും സംഘടിപ്പിച്ചു. ജെഎസ്എസ് സംസ്ഥാന സെന്റർ അംഗം അഡ്വ.സുനിത കെ.വിനോദ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെന്റർ അംഗം അഡ്വ.കെ.വി.ഭാസി അനുസ്മരണ പ്രഭാഷണവും ആർ.എസ്.പെക്ട്രാ ടെക്നിക്കൽ സൊലൂഷൻ മാനേജിങ് ഡയറക്ടർ ഹാഫിസ് പറങ്ങോടത്തു മുഖ്യപ്രഭാഷണവും നടത്തി.കാലവർഷക്കെടുതിമൂലം ദുരിതം അനുഭവിക്കുന്ന തീരദേശവാസികൾക്കും പാവപ്പെട്ടവർക്കും സൗജന്യ റേഷനും ഭക്ഷ്യകിറ്റും വിതരണം ചെയ്യാൻ സർക്കാർ തയ്യാറാകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ജില്ല പ്രസിഡന്റ് വി.കെ.സുനിൽകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി പി.ആർ.ബിജു,ഗോപാലകൃഷ്ൻ,റജിഷ്കുമാർ,ഗിരിജ,രാജു തുടങ്ങിയവർ സംസാരിച്ചു. ഗൗരിയമ്മയോടുള്ള ആദര സൂചകമായി എറണാകുളം പാലാരിവട്ടം മാമംഗലം മരിയൻ ഭവൻ സേനഹാലയത്തിൽ ജില്ലാ കമ്മിറ്റയുടെ നേതൃത്വത്തിൽ അന്നദാനവും നടത്തി.



# മത്സ്യക്കൃഷി പ്രതിസന്ധിയിൽ

**ചേർപ്പ് :** ഫിഷറീസ് വകുപ്പ് പദ്ധതി പ്രകാരം കരുവന്നൂർ പുഴയിൽ ശുദ്ധജല കൂടിൽ മത്സ്യകൃഷി നടത്തുന്ന കർഷകർ പ്രതിസന്ധിയിൽ. മത്സ്യ തീറ്റയുടെ വില വർധനയും വില ലഭിക്കാത്തതും വിപണന സൗകര്യങ്ങൾ ഇല്ലാത്തതുമാണ് കർഷകരെ വലയ്ക്കുന്നത്. കരുവന്നൂർ പുഴയിൽ നന്തി പ്രദേശത്ത് മാത്രം 8 മത്സ്യ കർഷകർ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 3 കർഷകരാണുള്ളത്. പല്ലറ്റ് എന്ന ഫ്ലോട്ടിങ് ഫീഡാണ് മത്സ്യങ്ങൾക്ക് തീറ്റയായി കൊടുക്കുന്നത്.

3 വർഷം മുൻപ് 40 കിലോ വരുന്ന ഒരു ചാക്കിന് 1200 രൂപ ആയിരുന്നത് ഇപ്പോൾ 1650 രൂപയായി . നല്ല വലുപ്പം വരുന്ന തിലാപ്പിയയ്ക്ക് 120 രൂപ തീറ്റയ്ക്ക് ചെലവ് വരും. ആകെ 200 രൂപയാണ് കിലോയ്ക്ക് ഇവർക്ക് ലഭിക്കുക. കരിമീനിനിന് കിലോയ്ക്ക് 500 രൂപയും. സീസൺ അല്ലെങ്കിൽ പിന്നെയും വില കുറച്ച് വിൽക്കേണ്ടി വരുമെന്നും ഉല്ലാസ് പറയുന്നു. മാർക്കറ്റിൽ ഇരട്ടിയിലേറെ വിലയ്ക്ക് വിൽക്കുമ്പോഴാണ് കർഷകർ ഈ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. പുഴയിൽ വെള്ളം കൂടിയാലും കലങ്ങിയാലും മീനുകൾ നഷ്ടമാകും.

മത്സ്യക്കുഞ്ഞ് വലിപ്പത്തിനനുസരിച്ച് ഒന്നിന് 5 മുതൽ 15 വരെ വില നൽകി വല്ലാർപാടത്ത് നിന്നുമാണ് ഇവ വാങ്ങുന്നത്. മായം ചേർക്കാത്ത തങ്ങളുടെ ശുദ്ധമായ മത്സ്യം മാന്യമായ വിലക്ക് വിൽക്കാൻ ഫിഷറീസ് വകുപ്പ് സൗകര്യം ചെയ്തു നൽകാത്തതാണ് കൃഷി നഷ്ടത്തിലാവാനും കർഷകർ ഈ തൊഴിൽ മേഖല വിടുവാനും കാരണമെന്ന് കർഷകർ പറയുന്നു. ഫിഷറീസ് വകുപ്പ് മത്സ്യവിൽപനക്ക് വിപണി തുടങ്ങുമെന്ന് പറഞ്ഞു തുടങ്ങിയിട്ട് 3 വർഷം കഴിഞ്ഞെങ്കിലും നടപടികൾ ഒന്നും ഉണ്ടായിട്ടില്ല. പുറമേ നിന്നു വരുന്ന വിഷം കലർന്ന മത്സ്യ വിൽപന തടയുവാനും തങ്ങളുടെ മത്സ്യം വിൽക്കാൻ വിപണി സൗകര്യം ഒരുക്കുകയും ചെയ്തില്ലെങ്കിൽ ബാക്കിയുള്ളവരും ഈ കൃഷി ഉപേക്ഷിക്കേണ്ട ഗതികേടിലാണെന്ന് കർഷകർ പറയുന്നു.

## റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ ജൂലൈ 31നകം; മന്ത്രി ആന്റണി രാജു

**തിരുവനന്തപുരം:**സംസ്ഥാനത്തെ റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ ജൂലൈ 31നകം സ്ഥാപിക്കാൻ ഗതാഗത മന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. റോഡുകളിലെ പുനർ നിശ്ചയിച്ച വേഗപരിധി വാഹന യാത്രക്കാരെ അറിയിക്കുന്നതിന് സംസ്ഥാനത്തുടനീളം ആവശ്യമായ സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കും.

വിവിധതരത്തിൽപ്പെട്ട വാഹനങ്ങളുടെ വേഗപരിധി സൂചിപ്പിക്കുന്ന ബോർഡുകൾ യാത്രക്കാർക്ക് മനസ്സിലാകുന്ന വിധം തയ്യാറാക്കേണ്ടതെന്നും യോഗം തീരുമാനിച്ചു.

സംസ്ഥാനത്തെ നിരത്തുകളിലെ നോ പാർക്കിംഗ് സ്ഥലങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാൻ മന്ത്രി നിർദ്ദേശം നൽകി. ഉന്നതല യോഗത്തിൽ ഗതാഗത സെക്രട്ടറി ബിജു പ്രഭാകർ, ട്രാൻസ്പോർട്ട് കമ്മീഷണർ എസ്. ശ്രീജിത്ത്, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ പ്രമോജ് ശങ്കർ, എൻഎച്ച്എഐ കേരള റീജ്യണൽ ഓഫീസർ ബി.എൽ. മീണ, പൊതുമരാമത്ത് വകുപ്പ് റോഡ്സ് ചീഫ് എൻജിനീയർ അജിത്ത് രാമചന്ദ്രൻ, പോലീസ്, തദ്ദേശ സ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, കെ.എസ്.റ്റി.പി, കേരള റോഡ് സേഫ്റ്റി അതോറിറ്റി എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

## ന്യൂ ജനറേഷൻ കോഴ്സുകൾ ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ഐ.എച്ച്.ആർ.ഡി. ആരംഭിക്കുന്ന ന്യൂ ജനറേഷൻ കോഴ്സുകൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിന് ഇതു സംബന്ധിച്ച രേഖ കൈമാറിയാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി കെ.കെ.രാജേഷ്, ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഡോ. വി. എ. അരുൺ കുമാർ എന്നിവർ സന്നിഹിതനാരായിരുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് ഡാറ്റാ സയൻസ്, വി.എൽ.എസ്.ഐ. അടക്കമുള്ള പുതുതലമുറ കോഴ്സുകളാണ് ഐ.എച്ച്.ആർ.ഡി.യുടെ വിവിധ കോളജുകളിൽ ഈ വർഷം ആരംഭിക്കുന്നത്.

# ഓണാഘോഷ പരിപാടികൾ ആഗസ്റ്റ് 27 മുതൽ സെപ്തംബർ 2 വരെ

**തിരുവനന്തപുരം:** ഈ വർഷത്തെ ഓണാഘോഷം ആഗസ്റ്റ് 27 മുതൽ സെപ്തംബർ 2 വരെ വിപുലമായ പരിപാടികളോടെ നടത്തും. തിരുവനന്തപുരത്ത് സംസ്ഥാനതല പരിപാടികൾ നടക്കും. ബന്ധപ്പെട്ട വകുപ്പുകൾ ഏകോപിതമായി പരിപാടികൾ ആസൂത്രണം ചെയ്ത് ഓണാഘോഷം വിജയകരമാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദേശിച്ചു. ഓണാഘോഷം സംബന്ധിച്ച കാര്യങ്ങൾ ആലോചിക്കാൻ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരളത്തിന് പുറത്തു നിന്നുള്ളവരെ ആകർഷിക്കുന്ന രീതിയിൽ സംസ്ഥാനതല പരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ച് ഘോഷയാത്ര സംഘടിപ്പിക്കണം. വകുപ്പുകൾ ഫ്ലോട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കണം. ഓണം മാർക്കറ്റുകൾ ഉണ്ടാകണം.

പ്രത്യേകം പച്ചക്കറി ചന്തകൾ ആരംഭിക്കണം. കുടുംബശ്രീ ചന്തകൾ സംഘടിപ്പിക്കണം. പച്ചക്കറി ഉൾപ്പെടെ സാധന സാമഗ്രികൾ പരമാവധി വിലകുറച്ച് നൽകാനാവണം. വട്ടവട, കാന്തലൂർ, വയനാട് എന്നിവിടങ്ങളിൽ നിന്നുള്ള പച്ചക്കറി വിഭവങ്ങൾ കർഷകരിൽ നിന്ന് സമാഹരിക്കാൻ ഹോർട്ടികോർപ്പ് പ്രത്യേകം ശ്രദ്ധിക്കണം.



കേരളത്തിൽ വേണ്ടത്ര ഉത്പാദിപ്പിക്കപ്പെടാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കൃഷിയിടങ്ങളിൽ നിന്നും കർഷക കൂട്ടായ്മകളിൽ നിന്നും ഗുണനിലവാരം ഉറപ്പു വരുത്തി നേരിട്ട് സംഭരിച്ച് വിതരണം ചെയ്യണം. പൂഴ്ത്തിവെയ്പ്, കരിഞ്ചന്ത മുതലായവ നിയന്ത്രിക്കുന്നതിന് പരിശോധന നടത്തണം.

കലാസാംസ്കാരിക പരിപാടികളിൽ കഴിവുറ്റ പ്രതിഭകളെ അണിനിരത്താനാകണം. ഒരാഴ്ച ദീപാലങ്കാരം നടത്തും.

വിനോദ സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങളും സുരക്ഷയും ഏർപ്പെടുത്താൻ ടൂറിസം വകുപ്പ് മുൻകൈ എടുക്കണം. ഓണാഘോഷം വിപുലവും ആകർഷകവുമായി സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ പ്രത്യേകം യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, കെ എൻ ബാലഗോപാൽ , ജി ആർ അനിൽ, പി പ്രസാദ്, ജെ ചിഞ്ചുറാണി, സജി ചെറിയാൻ, വി എൻ വാസവൻ, എം ബി രാജേഷ്, വി ശിവൻകുട്ടി, ആൻറണി രാജു, അഹമ്മദ് ദേവർകോവിൽ, ചീഫ് സെക്രട്ടറി ഡോ. വി വേണു എന്നിവരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തു.

# സ്കൂളുകൾക്കും ബസ് സ്റ്റോപ്പുകൾക്കും സമീപമുള്ള അപകടകരമായ മരങ്ങൾ ഉടൻ മുറിക്കണം



**കൊച്ചി:** സ്കൂളുകൾക്കും ബസ് സ്റ്റോപ്പുകൾ കയ്ക്കും സമീപമുള്ള അപകടകരമായ മരങ്ങൾ ഉടൻ മുറിക്കണമെന്ന് മന്ത്രി പി. രാജീവ്. കനത്ത മഴയെ തുടർന്നുള്ള സ്ഥിതി വിലയിരുത്തുന്നതിനായി മന്ത്രി പി.രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മരം വീണ് ആളപായമുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേക പരിശോധന നടത്തണം. സ്കൂളുകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക ശ്രദ്ധ വേണമെന്ന് മന്ത്രി നിർദേശിച്ചു. പെരിയാർ വാലി പദ്ധതിക്ക് സമീപത്തെ അപകടകരമായ മരങ്ങളും മുറിക്കാൻ നടപടി സ്വീകരിക്കണം. കൊച്ചി നഗരത്തിൽ കൊച്ചി മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന കാനകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് മെട്രോ അധികൃതർ അടിയന്തര നടപടി സ്വീകരിക്കണം. പോലീസ്, ഫയർ വകുപ്പുകൾ ആവശ്യമായ ഉപകരണങ്ങൾ ക്രമീകരിക്കണം. കൺട്രോൾ റൂമുകൾ സജ്ജമായിരിക്കണം. പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികൾ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തണം. ജില്ലാതലത്തിൽ എല്ലാ ദിവസവും അവലോകനയോഗം ചേരാനും മന്ത്രി നിർദേശിച്ചു.ജില്ലയിൽ കനത്ത മഴയെ തുടരുന്ന സാഹചര്യത്തിൽ മഴക്കെടുതി നേരിടുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ എൻ.എസ്.കെ. ഉമേഷ് അറിയിച്ചു.ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററിലും താലൂക്ക് എമർജൻസി ഓപ്പറേഷൻ സെന്ററുകളും പൂർണ്ണ സജ്ജമായി. ഏഴ് താലൂക്കുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കിയിട്ടുണ്ട്. മഴക്കെടുതി നേരിടാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മുന്നൊരുക്കങ്ങൾ പൂർത്തിയായിട്ടുണ്ട്. ഫയർ, പോലീസ്, ഇറിഗേഷൻ, ആരോഗ്യം, പൊതുമരാമത്ത് വകുപ്പുകളും പൂർണ സജ്ജമാണ്. ഡെപ്യൂട്ടി കളക്ടർമാരുടെ മേൽനോട്ടത്തിൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മരങ്ങളുടെ ഉത്തരവാദിത്തം സ്ഥലമുടമ തന്നെയായിരിക്കും. മരം മുറിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദേശം നൽകി. സ്കൂളുകൾക്ക് സമീപത്തെയും റോഡ് അരികിലെയും മരങ്ങൾ അടിയന്തരമായി മുറിക്കും. അവശ്യ ഘട്ടത്തിൽ ക്യാംപുകൾ ആരംഭിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി. മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ നിർദേശങ്ങൾ കൃത്യമായി നൽകുന്നുണ്ട്. ജില്ലയിലെ ക്വാറികളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ട്. ഉരുൾ പൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതാ പ്രദേശത്ത് ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി. എല്ലാ സ്ഥലങ്ങളിലും പ്രശ്നപരിഹാരത്തിന് മുഴുവൻ സമയവും ഇടപെടുന്നതിനായി ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഓപ്പറേഷൻ ബ്രേക്ക് ത്രൂ, ഓപ്പറേഷൻ വാഹിനി എന്നീ പദ്ധതികൾ വഴി കാനകളിലെയും കനാലുകളിലെയും ഒഴുക്ക് സുഗമമായിട്ടുണ്ട്. കടലാക്രമണ ഭീഷണിയുള്ള നായരമ്പലം, കണ്ണമാലി ഭാഗങ്ങളിൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും കളക്ടർ വ്യക്തമാക്കി.ഫയർ വകുപ്പ് രണ്ട് ഡീവാട്ടറിംഗ് പമ്പുകൾ സജ്ജമാക്കിയിട്ടുണ്ട്. കൊച്ചി നഗരത്തിനു മാത്രമായി സിഎസ്എംഎല്ലിന്റെ കൺട്രോൾ റൂം ഏറ്റെടുത്ത് പ്രത്യേക കൺട്രോൾ റൂം ആരംഭിക്കുമെന്നും കളക്ടർ അറിയിച്ചു.

# വിയറ്റ്നാം അംബാസഡർ ടെക്നോപാർക്ക് സന്ദർശിച്ചു



**തിരുവനന്തപുരം:** വിയറ്റ്നാമും കേരളവും തമ്മിലുള്ള ഐ.ടി ആൻഡ് ഇലക്ട്രോണിക്സ് സഹകരണ സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി ഇന്ത്യയിലെ വിയറ്റ്നാം അംബാസഡർ എൻഗുയെൻ തൻ ഹായ് ടെക്നോപാർക്ക് സന്ദർശിച്ചു. ഇക്കണോമിക് അറ്റാഷേ എൻഗുയെൻ ലുവോങ്ങ് ഡകും സംസ്ഥാന സർക്കാരിന്റെ എക്സ്റ്റേണൽ കോഓർപറേഷൻ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണിയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. പാർക്ക് സെന്ററിലെ മലബാർ ഹാളിൽ നടന്ന ചർച്ചയിൽ കേരളാ ഐ.ടിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിയറ്റ്നാം അംബാസഡർ എൻഗുയെൻ തൻ ഹായക്ക് വിശദീകരിച്ചു നൽകി. ഇലക്ട്രോണിക് മാനുഫാക്ചറിങ്ങ്, ജോയിന്റ് ആർ ആൻഡ് ഡി, സ്മാർട്ട് ഫാക്ടറീസ്, ഐ.ടി ട്രെയിനിങ്ങ്, അഗ്രി ടെക്, ഡിജിറ്റൈസേഷനുള്ള ശ്രമങ്ങൾ, ഇ.വി ടെക്നോളജീസ്, സ്റ്റാർട്ടപ്പ് സഹകരണം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ചും ചർച്ചകൾ നടത്തി. സെന്റർ ഫോർ ഡെവലപ്പ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജിയുടെ പഴയ രേഖകൾ റെക്കോർഡ് ചെയ്യാനായി ശേഖരിക്കുന്ന മൊബൈൽ ഡിജിറ്റൈസേഷൻ ലാബും അവർ സന്ദർശിച്ചു.ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട), ഡി.യു.കെ വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്. കേരളാ സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക, ഐ.സി.ടി.എ.കെ സി.ഇ.ഒ സന്തോഷ് കുറുപ്പ്, സി ഡിറ്റ് ഡയറക്ടർ ജയരാജ് .ജി, ജിടെക് സെക്രട്ടറിയും ടാറ്റ എലക്സൈ സെന്റർ ഹെഡ്ഡുമായ ശ്രീകുമാർ .വി, ജിടെക് വൈസ് ചെയർമാനും ഇ.വൈ (ഇന്ത്യ) ഡയറക്ടറുമായ റിച്ചാർഡ് ആന്റണി, ജിടെക് സി.ഇ.ഒ വിഷ്ണു വി. നായർ, കേരളാ ഐ.ടി പാർക്ക്സ് സി.എം.ഒ മഞ്ജിത്ത് ചെറിയാൻ എന്നിവരും ഐ.ടി മേഖലയിൽ നേതൃനിരയിലുള്ള മറ്റുള്ളവരും ടെക്നോപാർക്കിലെ വിവിധ കമ്പനി പ്രതിനിധികളും ചർച്ചയിൽ പങ്കെടുത്തു.

## കളമശ്ശേരി അസാപ്പിൽ പ്രവേശനം ആരംഭിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ 400 മണിക്കൂർ ട്രെയിനിങ് പ്രോഗ്രാം ആണ്. ഇത് പൂർത്തിയാക്കുന്നവർക്ക് വിവിധ സ്ഥാപനങ്ങളിൽ സോഫ്റ്റ് സ്കിൽ ട്രെയിനറായി ജോലി ചെയ്യുവാൻ സാധിക്കും. കേന്ദ്ര സർക്കാർ അംഗീകൃത എൻഎസ്ഡിസി സർട്ടിഫിക്കറ്റ് ലഭിക്കും. 18 വയസ് തികഞ്ഞ ബിരുദധാരികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിക്കുകയോ 9778598336 , 9495219570 നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

## മേട്രൺ കം റസിഡന്റ് ട്യൂട്ടർ കരാർ നിയമനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആലുവ കീഴ്മാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് മേട്രൺ കം റസിഡന്റ് ട്യൂട്ടർമാരെ കരാറടിസ്ഥാനത്തിൽ (2024 മാർച്ച് വരെ) നിയമിക്കുന്നതിന് ബിരുദവും ബി.എഡുമുള്ള പട്ടികജാതിയിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു. പ്രവൃത്തി സമയം വൈകുന്നേരം 4 മുതൽ രാവിലെ 8 വരെ. പ്രതിമാസം 12,000 രൂപ ആയിരിക്കും ഹോണറേറിയം. വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ജൂലൈ 11ന് രാവിലെ 10.30ന് എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസ്സിൽ നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക. ഫോൺ : 0484 2422256.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരിശീലനം

**കൊച്ചി:** മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരിശീലനം സംസ്ഥാന ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നു. പരിശീലന ചെലവ് സർക്കാർ വഹിക്കും. അപേക്ഷാ വിശദവിവരങ്ങളും ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോം ജൂലൈ 18 നകം ജില്ലാ ഫിഷറീസ് ഓഫീസിൽ സമർപ്പിക്കണം. ബിരുദ തലത്തിൽ 80 ശതമാനം മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം സിവിൽ സർവ്വീസ് അക്കാദമി, പ്ലാമൂട്, തിരുവന്തപുരം സ്ഥാപനം മുഖേനയാണ് നടത്തുന്നത്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉായിരിക്കുകയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ വഴിയാണ് പരിശീലനം നൽകുക. സിവിൽ സർവ്വീസ് അക്കാദമി നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ മെരിറ്റ് അടിസ്ഥാനത്തിലായിരിക്കും അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കുന്നവർ താമസിച്ചു പഠിക്കുവാൻ സന്നദ്ധരായിരിക്കണം. എറണാകുളം ഡോ. സലിം അലി റോഡ്, എറണാകുളം വിശദ വിവരങ്ങൾക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം (മേഖല) വിലാസത്തിൽ ബന്ധപ്പെടുക.

## സീനിയർ റസിഡന്റ് കരാർ നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിലെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കീഴിൽ സീനിയർ റസിഡന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം. യോഗ്യത : എംബിബിഎസ്, എം.എസ്/ഡിഎൻബി ഇൻ ഒഫ്ത്താൽമോളജി/ടിസി രജിസ്ട്രേഷൻ.വേതനം 70,000. ആറുമാസ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. താത്പര്യമുള്ളവർ വയസ്. യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ജൂലൈ 12 ന് എറണാകുളം മെഡിക്കൽ സൂപ്രിന്റെ കാര്യാലയത്തിൽ രാവിലെ 10.30ന് നടക്കുന്ന വാക്ഇൻഇൻറർവ്യൂവിന് പങ്കെടുക്കാം. അന്നേ ദിവസം രാവിലെ 10 മുതൽ 10.30 വരെ ആയിരിക്കും രജിസ്ട്രേഷൻ. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് മുൻഗണന നൽകും. ഫോൺ 04842754000.

# വിപിഎസ് ലേക്‌ഷോറിൽ പുതിയ ലിവർ ട്രാൻസ്പ്ലാന്റ് ഐസിയു ആരംഭിച്ചു



**കൊച്ചി:** വിപിഎസ് ലേക്ഷോറിൽ അത്യാധുനിക സൗകര്യങ്ങളോടെ പുതിയ കരൾമാറ്റ ഐസിയു ആരംഭിച്ചു. നിലവിലുള്ള ലിവർ ട്രാൻസ്പ്ലാന്റ് ഐസിയു കൂടാതെയാണിത്. ഡോക്ടേഴ്സ് ദിനത്തിൽ തന്നെ ലോകോത്തര സൗകര്യമുള്ള തീവ്രപരിചരണ വിഭാഗം തുറക്കാനായത് അഭിമാനമായി കരുതുന്നുവെന്ന് മാനേജിങ് ഡയറക്ടർ എസ് കെ അബ്ദുള്ള അറിയിച്ചു. എല്ലാ മുറികളിൽ നിന്നും കൊച്ചി കായലിന്റെ കാഴ്ച ദൃശ്യമാകുന്ന രീതിയിലാണ് പുതിയ ഐസിയു രൂപകൽപ്പന ചെയ്തിരിക്കുന്നത്.

# സൂപ്പർ ഡാറ്റാ പായ്ക്കുകളുമായി വി

**കൊച്ചി:** മുൻനിര ടെലകോം സേവനദാതാവായ വി 24 രൂപയ്ക്ക് ഒരു മണിക്കൂർ നേരം പരിധിയില്ലാത്ത ഡാറ്റ നൽകുന്ന സൂപ്പർ അവർ പായ്ക്കും 49 രൂപയ്ക്ക് 24 മണിക്കൂർ നേരത്തേക്ക് ആറു ജിബി നൽകുന്ന സൂപ്പർ ഡേ പായ്ക്കും അവതരിപ്പിച്ചു. വി ആപ്പിലെ വി മ്യൂസിക്, വി മൂവീസ് ആന്റ് ടിവി, വി ഗെയിംസ് തുടങ്ങിയവയ്ക്കായും ഈ ഡാറ്റ പ്രയോജനപ്പെടുത്താം. വി ആപ്പ്, വെബ്സൈറ്റ് എന്നിവ വഴിയോ അടുത്തുള്ള വി സ്റ്റോർ സന്ദർശിച്ചോ ഈ ഡാറ്റാ പായ്ക്കുകൾക്കായുള്ള റീചാർജിങ് നടത്താം.

### കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം: ടെർമിനൽ 2 ന്റെ മറ്റൊരു കരാർ കൂടി ഗോദ്റെജ് ഇൻറീരിയോയ്ക്ക്


**കൊച്ചി:** ഗോദ്റെജ് ഗ്രൂപ്പിൻറെ പതാക വാഹക കമ്പനിയായ ഗോദ്റെജ് ആൻറ് ബോയ്സിന്റെ ഗോദ്റെജ് ഇൻറീരിയോ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ടെർമിനൽ രണ്ടിലുള്ള ഇന്റീരിയർ എംഇപി ജോലികളുടെ കരാർ കരസ്ഥമാക്കി. ഈ ഹെറിറ്റേജ് ബിൽഡിങ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സിയാലിന്റെ മുഖ്യ പ്രൊജക്ടാണിത്. 55,000 ചതുരശ്ര അടിയിലായി സിവിൽ ഫിനിഷ്, പ്ലംബിങ്, ഇലക്ട്രിക്കൽ, എച്ച് വി എസി, ഇഎൽവി, തുടങ്ങിയവ അടക്കമുള്ള ജോലികളാണ് ഇതിലൂടെ നടപ്പാക്കുക.കൊച്ചി വിമാനത്താവളത്തിലെ പുതുക്കൽ, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2015 മുതൽ ഗോദ്റെജ് ഇൻറീരിയോ സഹകരിച്ചു വരുന്നുണ്ട്. സിയാലുമായി സഹകരിക്കുന്ന മൂന്നാമത്തെ പദ്ധതിയാണിത്. ഒൻപതു മാസമാണ് നിലവിലുള്ള പദ്ധതി പൂർത്തിയാക്കാനുള്ള കാലാവധി.2024ൽ പ്രവർത്തന ക്ഷമമാകുന്ന ഈ പദ്ധതി യാത്രക്കാർക്ക് ഏറ്റവും മികച്ച അനുഭവങ്ങളാകും ലഭ്യമാക്കുകയെന്ന് ഗോദ്റെജ് ഇൻറീരിയോ സീനിയർ വൈസ് പ്രസിഡൻറും ബിസിനസ് മേധാവിയുമായ സ്വപ്നീൽ നഗാർകർ പറഞ്ഞു. പദ്ധതി നടപ്പാക്കുന്നതിലും സുരക്ഷ, ഗുണനിലവാരം, സമയക്രമമനുസരിച്ചു പൂർത്തിയാക്കൽ തുടങ്ങിയവയിലും ഏറ്റവും മികവാണു ഗോദ്റെജ് ഇൻറീരിയോ പുലർത്തുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# എലിപ്പനി മരണം ഒഴിവാക്കാം; മഴക്കാലത്ത് കൂടുതൽ ജാഗ്രത അനിവാര്യം



**കൊച്ചി:** മഴയ്ക്ക് ശേഷം എലിപ്പനികേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്യുവാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. കെ ആശ. വെള്ളം കയറിയ പ്രദേശങ്ങളിലുള്ളവരും രക്ഷാപ്രവർത്തനങ്ങളിലും ശുചീകരണപ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരും നിർബന്ധമായും എലിപ്പനി പ്രതിരോധ മരുന്നായ ഡോക്സിസൈക്ലിൻ ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശപ്രകാരം കഴിക്കേണ്ടതാണ്.എലിപ്പനി ഒഴിവാക്കുന്നതിന് മണ്ണിലും വെള്ളത്തിലും പണിയെടുക്കുന്നവരും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും പ്രതിരോധമരുന്നും വ്യക്തിഗത സുരക്ഷാ ഉപാധികളും ഉറപ്പാക്കേണ്ടതാണെന്നും ജില്ലാ മെഡിക്കൽ ഓഫീസർ പറഞ്ഞു. രോഗാണു വാഹകരായ ജീവികളുടെ മൂത്രം കലർന്ന ജലമോ, മണ്ണോ, മറ്റു വസ്തുക്കളോ വഴിയുള്ള സമ്പർക്കത്തിൽ കൂടിയാണ് എലിപ്പനി പകരുന്നത്. അതിനാൽ രോഗ പകർച്ചയ്ക്കു സാധ്യതയുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രോഗാണു സാധ്യതയുള്ള എലികളുടെയും കന്നുകാലി, നായ, പന്നികൾ മുതലായ മറ്റു ജീവികളുടെയും മൂത്രം ശരീരത്തിൽ തട്ടാതെയും, ആഹാരം കുടിവെള്ളം എന്നീ മാർഗങ്ങളിലൂടെ ശരീരത്തിലെത്താതെയും നോക്കുന്നത് വഴി ഈ രോഗം തടയാൻ സാധിക്കും.പനി, കഠിനമായ തലവേദന, ശരീരവേദന, കണ്ണിൽ ചുവപ്പ്, ക്ഷീണം എന്നിവയാണ് എലിപ്പനിയുടെ പ്രധാന ലക്ഷണങ്ങൾ.കന്നുകാലി പരിചരണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, കൃഷി പണിയിലേർപ്പെട്ടിരിക്കുന്നവർ, ശുചീകരണ തൊഴിലാളികൾ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർ തുടങ്ങിയവരിലാണ് രോഗസാധ്യത കൂടുതൽ. വെള്ള കെട്ടിലിറങ്ങുന്നവരും ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരും കട്ടി കൂടിയ റബ്ബർ കാലുറകളും, കയ്യുറകളും ധരിച്ച് മാത്രം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുക.കൈകാലുകളിൽ മുറിവുള്ളവർ മുറിവുകൾ ഉണങ്ങുന്നത് വരെ ഇത്തരം ജോലികൾ കഴിവതും ചെയ്യാതിരിക്കുന്നതാണ് ഉത്തമം.കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുട്ടികളെ കളിക്കാൻ അനുവദിക്കരുത്.പനി, തൊണ്ടവേദന, ശരീര വേദന, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ കോവിഡിന്റെ മാത്രമല്ല എലിപ്പനി, ഡെങ്കിപ്പനി, ജലജന്യ രോഗങ്ങൾ തുടങ്ങിയ പകർച്ച വ്യാധികളുടെ കൂടെ ആയതിനാൽ സ്വയം ചികിത്സ ഒഴിവാക്കി ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം ചികിത്സ തേടേണ്ടതാണ്.

# ജോലിയും ജീവിതവും അവതാളത്തിലായ രോഗിക്ക് നൂതന ശസ്ത്രക്രിയയിലൂടെ പുതു ജീവൻ



**കൊച്ചി:** ഓരോ അഞ്ച് മിനുട്ടിലും മൂത്രമൊഴിക്കേണ്ട അവസ്ഥ. ഓവർ ആക്ടീവ് ബ്ലാഡർ എന്ന രോഗാവസ്ഥയെ തുടർന്ന് ജോലിയും ജീവിതവും തന്നെ അവതാളത്തിലായ സ്ഥിതിയിലായിരുന്നു കാക്കനാട് സ്വദേശിയായ ഹരിഹരൻ എന്ന യുവാവ്. എന്തൊക്കെ ചെയ്തിട്ടും അസുഖം മാറാതെ വന്നതോടെയാണ് ആസ്റ്റർ മെഡ്സിറ്റിയിൽ ചികിത്സക്കെത്തിയത്. സാക്രൽ ന്യൂറോമോഡുലേഷൻ ശാസ്ത്രക്രിയയിലൂടെ യുവാവിന് ആശ്വാസം നൽകാൻ കഴിഞ്ഞു എന്ന് മാത്രമല്ല യൂറോളജി വിഭാഗവും ന്യൂറോസർജറി വിഭാഗവും ഒരുമിച്ച് നടത്തിയ കേരളത്തിലെ തന്നെ ആദ്യ ശസ്ത്രക്രിയ എന്ന ചരിത്രം കൂടിയാണ് ഇതുവഴി സൃഷ്ടിക്കപ്പെട്ടതെന്ന് ആസ്റ്റർ ആശുപത്രി അധികൃതർ വ്യക്തമാക്കി.വളരെ പെട്ടെന്നായിരുന്നു 34കാരനായ ഹരിഹരിന് അടിക്കടി മൂത്രമൊഴിക്കേണ്ടി വരുന്ന രോഗാവസ്ഥ അനുഭവപ്പെട്ടു തുടങ്ങിയത്. എന്ത് ചെയ്തിട്ടും അസുഖം മാറുന്നില്ല. ഇത് വലിയ ശാരീരിക മാനസിക ബുദ്ധിമുട്ടുകളിലേക്കായിരുന്നു ഇദ്ദേഹത്തെ നയിച്ചിരുന്നത്. തുടർന്നാണ് ആസ്റ്റർ മെഡ്സിറ്റിയിലെ യൂറോളജി ഡോക്ടറായ ഡോ. ടി. കിഷോറിന്റെ അടുത്ത് ചികിത്സ തേടിയത്. സാധാരണയായി മരുന്നു കൊണ്ട് മാറ്റാൻ കഴിയുന്ന രോഗാവസ്ഥയാണ് ഓവർ ആക്റ്റീവ് ബ്ലാഡർ. എന്നാൽ ഹരിഹരന്റെ കാര്യത്തിൽ പലതരം മരുന്നുകൾ നൽകിയെങ്കിലും അസുഖം മാറ്റാൻ കഴിഞ്ഞിരുന്നില്ല.തുടർന്ന് ആസ്റ്റർ മെഡ്സിറ്റിയിലെ യൂറോളജി സംഘം ഇമ്പ്ലാന്റ് ശസ്ത്രക്രിയകളുടെ സാധ്യതകളെക്കുറിച്ച് യുവാവിന് വിശദീകരിക്കുകയായിരുന്നു. ഇതിനായി ഇവിടുത്തെ യൂറോളജി വിദഗ്ധനായ ഡോ. സന്ദീപ് പ്രഭാകരന്റെ അടുത്തേക്ക് അയക്കുകയും ചെയ്തു. ഡോ. സന്ദീപ് നടത്തിയ പരിശോധനകളിൽ മരുന്നുകൾ ഫലിക്കാത്ത സാഹചര്യത്തിൽ ഇന്റർസ്ടിം ഇമ്പ്ലാന്റേഷൻ ശസ്ത്രക്രിയ വഴി രോഗം മാറ്റാൻ കഴിയുമെന്ന് കണ്ടെത്തി.പേസ്മേക്കറുകൾ പോലെ ശരീരത്തിൽ ഘടിപ്പിക്കുന്ന ഇന്റർസ്ടിം എന്ന ഇലക്ട്രോണിക് യന്ത്രത്തിന്റെ സഹായത്തോടെയാണ് ചികിത്സ നൽകുന്നത്. കുടലിന്റെയും മൂത്രാശയത്തിന്റെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന സാക്രൽ ഞരമ്പുകളെ ഏകോപിപ്പിക്കുകയും അതുവഴി മൂത്രമൊഴിക്കുന്നത് ക്രമമാക്കുകയുമാണ് ചെയ്യുന്നത്. ഇതിനായി ന്യൂറോ സർജറി വഴി സാക്രൽ ഞരമ്പുകൾക്ക് സമീപമാണ് ഇന്റർസ്ടിം സ്ഥാപിക്കുന്നത്. ഇന്റർസ്ടിം സ്ഥിരമായി വെച്ചു പിടിപ്പിക്കുന്നതിനു മുന്നോടിയായി താൽക്കാലിക പരീക്ഷണം നടത്തേണ്ടതുണ്ടായിരുന്നു. ഒരാഴ്ചത്തേക്ക് നടത്തിയ പരീക്ഷണത്തിൽ വലിയ മാറ്റങ്ങൾ ആയിരുന്നു കണ്ടത്. മൂത്രമൊഴിക്കുന്നതിന്റെ ഇടവേള രണ്ട് മണിക്കൂർ വരെ ആക്കി ഉയർത്താൻ കഴിഞ്ഞു. പിന്നീട് സ്ഥിരമായി ഇമ്പ്ലാന്റ് ചെയ്യുകയായിരുന്നു. സുഷുമ്ന നാഡിയോട് ചേർന്നുള്ള സർജറി ആയതിനാൽ ആസ്റ്റർ മെഡ്സിറ്റിയിലെ ന്യൂറോ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അനൂപ് പി നായരുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ നടത്തിയത്.ജനറൽ അനസ്തേഷ്യ നൽകിയുള്ള സൂക്ഷ്മമായ ശസ്ത്രക്രിയയിലൂടെ മൂത്രമൊഴിക്കുന്നതിന്റെ ഇടവേള സാധാരണ രീതിയിലായെന്നും ജീവിതം പഴയപടിയായതിൽ ഒരുപാട് സന്തോഷമുണ്ടെന്നും ഹരിഹരൻ പറഞ്ഞു.

# മരട് പി.എസ് മിഷൻ ആശുപത്രി ഹൃദ്രോഗ വിഭാഗം ഇനി ആസ്റ്ററിന്റെ നേതൃത്വത്തിൽ




**കൊച്ചി :** ഹൃദ്രോഗ വിഭാഗത്തിൽ നിലവാരമുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കാൻ കൈകോർത്ത് ആസ്റ്റർ മെഡ്സിറ്റിയും മരട് പി.എസ് മിഷൻ ആശുപത്രിയും. ആസ്റ്റർ മെഡ്സിറ്റിയിലെ കാർഡിയാക് സയൻസസ് വിഭാഗത്തിന്റെ മുഴുവൻ സമയസേവനം ഇനി മുതൽ മരട് പി.എസ് മിഷൻ ആശുപത്രിയിൽ ലഭ്യമാകും. മരട് പിഎസ് മിഷൻ ആശുപത്രിയിൽ നടന്ന ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം എറണാകുളം അസി. കമ്മീഷണർ പി. രാജ്കുമാർ നിർവഹിച്ചു.കാർഡിയോളജി വിഭാഗത്തിലെ ഒ.പി സേവനം മുതൽ എക്കോ, ടി.എം.ടി പരിശോധനകൾ , ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, കാർഡിയാക് ഐ.സി.യു. പ്രൈമറി ആൻജിയോപ്ലാസ്റ്റി, പ്രിവന്റീവ് കാർഡിയോളജി ഉൾപ്പടെ ആധുനിക സൗകര്യങ്ങളുള്ള കാത്ത് ലാബും ഒരുക്കിയിട്ടുണ്ട്. ആസ്റ്റർ മെഡ്സിറ്റിയിലെ ഇന്റർവെൻഷനൽ കാർഡിയോളജി വിഭാഗം കൺസൾട്ടന്റായ ഡോ. എം.ഡി സുധീറിന്റെ മുഴുവൻ സമയ സേവനവും ഇവിടെ ലഭ്യമാക്കും. ആസ്റ്റർ മെഡ്സിറ്റിയിലെ കാത്ത് ലാബ് ടെക്നീഷ്യന്റെ സേവനവും ഉണ്ടാകും.പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനം നൽകുക എന്ന ലക്ഷ്യത്തോടെ ആസ്റ്റർ മെഡ്സിറ്റിയും പി.എസ് മിഷനും സഹകരിക്കുന്നത് ഇത് ആദ്യമല്ല. കഴിഞ്ഞ ഡിസംബറിൽ പി.എസ് മിഷൻ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ആസ്റ്റർ മെഡ്സിറ്റി ഏറ്റെടുത്തിരുന്നു. ഇതിന് മികച്ച പ്രതികരണം ലഭിച്ചതോടെയാണ് കാർഡിയാക് സേവനം കൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചത്.ആസ്റ്റർ മെഡ്സിറ്റിയിലെ ഏറ്റവും നൂതനമായ ചികിത്സ മറ്റു ആശുപത്രികളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും എല്ലാവർക്കും മികച്ച ചികിത്സ നൽകുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.രോഗികൾക്ക് ഏറ്റവും മികച്ച ലോകോത്തര ചികിത്സ ഉറപ്പു വരുത്തുന്നതിനായി ചെറിയ ആശുപത്രികളെ ഉൾപ്പടെ ശാക്തീകരിക്കുക എന്നതാണ് തങ്ങളുടെ നയമെന്ന് ആസ്റ്റർ മെഡ്സിറ്റി കാർഡിയോളജി വിഭാഗം ലീഡ് സീനിയർ കൺസൽട്ടന്റ് ഡോ.അനിൽകുമാർ വ്യക്തമാക്കി. കൺസൽട്ടന്റ് ഡോ. സന്ദീപ് ആർ, കൺസൾട്ടന്റായ ഡോ. എം.ഡി സുധീർ, പി.എസ് മിഷൻ ആശുപത്രിയിലെ ഡയറക്ടറും കാർഡിയോളജിസ്റ്റുമായ ഡോ. സിസ്റ്റർ ആനി ഷീല, മെഡിക്കൽ മിഷൻ ഡയറക്ടർ ഡോ. കുഞ്ഞുമോൻ സെബാസ്റ്റ്യൻ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ഐഎക്സ്എസ്ജിഎക്സ് ഗിഫ്റ്റ് കണക്ട് പൂർണ തോതിൽ പ്രവർത്തനമാരംഭിച്ചു




**കൊച്ചി:** എൻഎസ്ഇ ഐഎക്സ്എസ്ജിഎക്സ് ഗിഫ്റ്റ് കണക്ട് പൂർണ തോതിൽ പ്രവർത്തന ക്ഷമമായതായി എൻഎസ്ഇ ഇന്റർനാഷണൽ എക്സ്ചേഞ്ചും സിംഗപൂർ എക്സ്ചേഞ്ചും പ്രഖ്യാപിച്ചു. ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂഷണൽ ഇൻവെസ്റ്റേഴ്സിൽ നിന്നുള്ള ഉയർന്ന ആത്മവിശ്വാസം പ്രകടിപ്പിക്കുന്ന വിധത്തിൽ 1.13 ബില്യൺ ഡോളറിന്റെ വിറ്റുവരവാണ് ആദ്യ സെഷനിൽ ദൃശ്യമായത്.ഗിഫ്റ്റ് കണക്റ്റ് അന്താരാഷ്ട്ര നിക്ഷേപകർക്ക് ഇന്ത്യൻ ഇക്വിറ്റി വിപണിയിൽ നിക്ഷേപിക്കുന്നതിനുള്ള ഒരു നൂതന പാത അവതരിപ്പിക്കുന്നു. ഗിഫ്റ്റ് കണക്റ്റ് അന്താരാഷ്ട്ര, ആഭ്യന്തര നിക്ഷേപകരെ ഏകോപിപ്പിക്കുകയും ആഴത്തിലുള്ള ലിക്വിഡിറ്റി സൃഷ്ടിക്കുകയും നിക്ഷേപകർക്കായി നിഫ്റ്റി ഉത്പന്നങ്ങളുടെ വിപുലമായ നിര സൃഷ്ടിക്കുകയും ചെയ്യുന്നു. അമേരിക്കൻ ഡോളറിലുള്ള നിഫ്റ്റി ഡെറിവേറ്റീവുകളുടെ ട്രേഡിങ്ങും മാച്ചിങ്ങും ഗിഫ്റ്റ് സിറ്റിയിലാവും. ഈ കരാറുകളുടെ ക്ലിയറിങ്ങും സെറ്റിൽമെൻറും സിംഗപൂരിൽ എസ്ഡിഎക്സ് ആവും കൈകാര്യം ചെയ്യുക.ഏഷ്യാ, യൂറോപ്, അമേരിക്ക എന്നിവിടങ്ങളിലെ ട്രേഡിങ് സമയവുമായി ഇടകലരുന്ന വിധത്തിൽ 21 മണിക്കൂറോളമാവും ഗിഫ്റ്റ് നിഫ്റ്റി കോൺട്രാക്ടുകൾ ട്രേഡിങ്ങിനു ലഭ്യമാകുക.രു മേഖലകളിലുള്ള എക്സ്ചേഞ്ചുകൾക്ക് എങ്ങനെയാണ് ഇരുവർക്കും ഗുണകരമായ സഹകരണത്തിൽ ഏർപ്പെടാനാകുക എന്നതിൻറെ ഉത്തമ ഉദാഹരണമാണ് എൻഎസ്ഇ ഐഎക്സ്എസ്ഡിഎക്സ് ഗിഫ്റ്റ് സഹകരണമെന്ന് ഐഎഫ്എസ് സിഎ ചെയർമാൻ ഇഞ്ചേതി ശ്രീനിവാസ് പറഞ്ഞു.ട്രേഡിങ് സമയം ദീർഘിപ്പിച്ചതും അമേരിക്കൻ ഡോളറിലുള്ള നിഫ്റ്റി ഡെറിവേറ്റീവുകളുടെ ട്രേഡിങ്ങും ആഗോള നിക്ഷേപകരെ ആകർഷിക്കുമെന്ന് ഗിഫ്റ്റ് സിറ്റി മാനേജിങ് ഡയറക്ടറും ഗ്രൂപ് സിഇഒയുമായ തപൻ റേ പറഞ്ഞു.

# സാമ്പത്തിക മേഖല : പ്രൊഫഷണലുകളെ റിക്രൂട്ടു ചെയ്യാനൊരുങ്ങി ഇന്ത്യൻ തൊഴിൽ ദാതാക്കൾ

**കൊച്ചി:** ഇന്ത്യൻ കമ്പനികളിൽ 96 ശതമാനവും 2024-ൽ സാമ്പത്തിക രംഗത്തെ പ്രൊഫഷണലുകളെ റിക്രൂട്ടു ചെയ്യാൻ പദ്ധതിയിടുന്നതായി അസോസിയേഷൻ ഓഫ് ചാർട്ടേഡ് സർട്ടിഫൈഡ് അക്കൗണ്ടന്റ്സ് (എസിസിഎ) നടത്തിയ സർവേ ചൂണ്ടിക്കാട്ടുന്നു. ആഗോള തലത്തിലെ 83 ശതമാനത്തെ അപേക്ഷിച്ചുള്ള ഉയർന്ന നില രാജ്യത്തിന്റെ തൊഴിൽ വിപണിയിൽ, പ്രത്യേകിച്ച് സാമ്പത്തിക മേഖലയിൽ ഉള്ള ഗണ്യമായ വളർച്ചയേയാണ് സൂചിപ്പിക്കുന്നതെന്ന് എസിസിഎ ഇന്ത്യ ഡയറക്ടർ സജിദ് ഖാൻ പറഞ്ഞു. വിവിധ വിഭാഗങ്ങളിലായുള്ള ഇന്ത്യൻ തൊഴിൽദാതാക്കൾക്കിടയിലാണ് എസിസിഎ സർവേ നടത്തിയത്. കഴിവുള്ള സാമ്പത്തിക പ്രൊഫഷണലുകളുടെ നിയമനത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായാണ് 80 ശതമാനത്തോളം ഇന്ത്യൻ തൊഴിൽദാതാക്കളും ചൂണ്ടിക്കാട്ടിയത്. സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന നിലവിലെ ജീവനക്കാരെ പരിശീലിപ്പിക്കാനും കഴിവുകൾ വളർത്താനും നടപടികൾ സ്വീകരിക്കുന്നതായി 80 ശതമാനം സ്ഥാപനങ്ങളും അഭിപ്രായപ്പെടുന്നുമുണ്ട്. അക്കൗണ്ടൻസി, ഫിനാൻസ് രംഗങ്ങളിൽ ആഗോള നിലവാരത്തിലുള്ള പ്രൊഫഷണൽ യോഗ്യതകൾ ഇന്ത്യയിൽ കൂടുതലായി ആവശ്യമായി വരുന്ന പശ്ചാത്തലത്തിൽ ഇതിനായ മുൻകയ്യെടുത്ത് താൽപര്യമുള്ള വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ അക്കൗണ്ടന്റുമാർക്കും ആഗോള തലത്തിൽ അംഗീകാരമുള്ള യോഗ്യതകൾ നേടാനുള്ള സംവിധാനമൊരുക്കാൻ എസിസിഎ ശ്രമിക്കുന്നുണ്ട്. സാമ്പത്തിക രംഗത്തെ പ്രൊഫഷണലുകൾക്കായുള്ള ആവശ്യം ഇന്ത്യയിൽ വർധിച്ചു വരുന്ന സാഹചര്യത്തിൽ തൊഴിൽദാതാക്കൾക്ക് അവരുടെ ആവശ്യങ്ങൾ നേരിടാൻ വേണ്ട പിന്തുണ നൽകാനായി എസിസിഎ കഠിനശ്രമങ്ങളാണു നടത്തുന്നതെന്ന് എസിസിഎ ഇന്ത്യ ഡയറക്ടർ സജിദ് ഖാൻ പറഞ്ഞു. അക്കൗണ്ടന്റുമാർക്കും ഈ രംഗത്തേക്കു കടന്നു വരാൻ ആഗ്രഹിക്കുന്നവർക്കും എണ്ണമറ്റ അവസരങ്ങളാണ് ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് ഒപ്പം ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിവിധ കാരണങ്ങളാൽ പ്രൊഫഷണൽ ജീവിതത്തിലേക്കു വരാൻ സാധിക്കാത്തവർക്കായി സാമ്പത്തിക രംഗത്തെ വിദ്യാഭ്യാസം തുറന്നു നൽകാൻ തങ്ങൾ ശ്രമിക്കുകയാണെന്ന് അടുത്തിടെ ഇന്ത്യ സന്ദർശിച്ച എസിസിഎ എക്സിക്യൂട്ടീവ് ഡയറക്ടർ ലൂസിയ റിയൽ മാർട്ടിൻ പറഞ്ഞു.

# ടാക്കോ ട്യൂസ്ഡേ അവതരിപ്പിച്ച് ടാകോ ബെൽ




**കൊച്ചി :** ചൊവ്വാഴ്ചകളിൽ ക്രഞ്ചി ടാക്കോക്ക് ഇളവ് ലഭിക്കുന്ന ടാക്കോ ട്യൂസ്ഡേ അവതരിപ്പിച്ച് ടാക്കോ ബെൽ. ടാക്കോ ബെൽ മെനുവിൽ ഏറ്റവും പ്രചാരമുള്ള ക്രഞ്ചി ടാക്കോക്ക് രണ്ണെത്തിന് ചൊവ്വാഴ്ചകളിൽ 129 രൂപ വില മാത്രമായിരിക്കും വില. ടാക്കോ ബെല്ലിന്റെ എല്ലാ റെസ്റ്റോറന്റുകളിലും ആപ്പ് വഴിയും ഈ ഇളവ് ലഭ്യമാണെന്ന് കമ്പനി അധികൃതർ അറിയിച്ചു.ടാകോ ട്യൂസ്ഡേയെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പ്രചാരണത്തിനായി ബാസ്ക്കറ്റ് ബോൾ ഐക്കണായ ലെബ്രോൺ ജെയിംസിനെയും ടാക്കോ ബെൽ രംഗത്തിറക്കി. വെജ്, നോൺവെജ് എന്നീ ര് തരങ്ങളിലായി ടാകോ ബെല്ലിന്റെ ക്രഞ്ചി ടാകോ ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഐഐഎം സമ്പൽപൂരിൽ നിന്ന് 322 വിദ്യാർത്ഥികൾ എംബിഎ ബിരുദം നേടി



**കൊച്ചി:**ഇന്ത്യയിലെ മുൻനിര മാനേജ്മെൻറ് സ്ഥാപനങ്ങളിൽ ഒന്നായ ഐഐഎം സമ്പൽപൂരിൽ നിന്ന് 322 വിദ്യാർത്ഥികൾ എംബിഎ പഠനം വിജയകരമായി പൂർത്തിയാക്കി. 202022, 202123 ബാച്ചുകളിലായുള്ള ഇവരുടെ ബിരുദദാന ചടങ്ങിൽ ഒഡീസാ ഗവർണർ പ്രൊഫ. ഗണേഷി ലാൽ മുഖ്യാതിഥിയായി. ജെപി മോർഗൻ ചൈസ് മാനേജിംഗ് ഡയറക്ടർ ഡോ. സുകന്യ മിശ്ര, ഐഐഎം ബോർഡ് ഓഫ് ഗവർണർനേഴ്സ് ചെയർമാൻ അരുന്ധതി ഭട്ടാചാര്യ തുടങ്ങിയവർ പങ്കെടുത്തു.

# സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗിലെ ആദ്യ ടീമായി പഞ്ച്ഷിൽ റേസിങ്

**കൊച്ചി:** സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് ലീഗിന്റെ ഉദ്ഘാടന സീസണിലെ ആദ്യ ടീം ഫ്രാഞ്ചൈസിയെ പ്രഖ്യാപിച്ചു. പഞ്ച്ഷിൽ റിയൽറ്റി ചെയർമാൻ അതുൽ ചൊർദിയയുടെ നേതൃത്വത്തിലുള്ള പഞ്ച്ഷിൽ റേസിങ് ആണ് സൂപ്പർക്രോസ് ലീഗിന്റെ ആദ്യ ടീമായി മാറിയത്. ഇന്ത്യയിലെ സൂപ്പർക്രോസ് റേസിങ്ങിന്റെ മെക്ക എന്നറിയപ്പെടുന്ന പൂനെയാണ് ടീമിന്റെ ആസ്ഥാനം. സിയറ്റ് ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ്, ഫെഡറേഷൻ ഓഫ് മോട്ടോർ സ്പോർട്സ് ക്ലബ്ബ് ഓഫ് ഇന്ത്യ (എഫ്എംഎസ്സിഐ)യുടെ സഹകരണത്തോടെ, ലോകത്തിലെ ആദ്യത്തെ ഫ്രാഞ്ചൈസി അടിസ്ഥാനമാക്കിയുള്ള സൂപ്പർക്രോസ് റേസിങ് ലീഗാണ്. വിവിധ ഫോർമാറ്റുകളിൽ മത്സരിക്കാൻ ലോകമെമ്പാടുമുള്ള റൈഡർമാരെ ഒരുമിച്ച് കൊണ്ടുവരുന്ന ലീഗിന്റെ ഉദ്ഘാടന സീസൺ ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് തുടങ്ങുക. 2023 ഒക്ടോബറിൽ തുടങ്ങി ഡിസംബർ വരെ രാജ്യം സൂപ്പർക്രോസ് ലീഗ് മത്സരങ്ങൾക്ക് സാക്ഷ്യം വഹിക്കും.

# കൊച്ചി ലുലുമാളിൽ പകുതിവിലയ്ക്ക് ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ; ഓഫർ ജൂലൈ 9 വരെ

- 70 ശതമാനം വരെ കിഴിവിൽ ലുലു എൻഡ് ഓഫ് സീസൺ സെയിൽ തുടങ്ങി
- ലുലുവിലേക്ക് എത്തുന്നവർക്ക് സ്പെഷ്യൽ ഡിസ്ക്കൗണ്ടുമായി ഓല സർവ്വീസ്

**കൊച്ചി :** കൊച്ചി ലുലുമാളിൽ പകുതിവിലയ്ക്ക് ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ . ഫ്ളാറ്റ് 50 സെയിൽ ഓഫറിലൂടെ 50 ശതമാനം വിലക്കുറവിലാണ് ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നത്.പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഗ്രോസറി തുടങ്ങി എന്തും 50 ശതമാനം വിലക്കുറവിൽ സ്വന്തമാക്കാം. ജൂലൈ 6 മുതൽ 9 വരെ നാല് ദിവസത്തേക്കാണ് ബിഗ് ഡേ ഫ്ലാറ്റ് 50 സെയിൽ നടക്കുന്നത്. ലുലു ഫാഷൻ സ്റ്റോർ, ലുലു ഹൈപ്പർമാർക്കറ്റ്, ലുലു കണക്റ്റ് എന്നിവിടങ്ങളിലായി പ്രമുഖ ബ്രാൻഡുകളുടെ ഫാഷൻ, ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ, ഗ്രോസറി തുടങ്ങിയവ പകുതി വിലയ്ക്ക് പർച്ചേസ് ചെയ്യാം. ഇതിന്റെ ഭാഗമായി ലുലു സ്റ്റോറുകൾ രാവിലെ 8 മണി മുതൽ പുലർച്ചെ 2 മണി വരെ തുറന്നു പ്രവർത്തിക്കുന്നതാണ്.ഏറ്റവും മികച്ച കളക്ഷനുകളുള്ള ലുലു ഫാഷൻ സ്റ്റോറിൽ നിന്ന് , മികച്ച ഫാഷൻ ബ്രാൻഡുകളുടെ പുതിയ വസ്ത്രശേഖരങ്ങൾ 50 ശതമാനം വരെ കിഴിവിൽ വാങ്ങാം. 500ൽ അധികം ബ്രാൻഡുകളാണ് ഈ വിലക്കുറുവിന്റെ ഉത്സവത്തിൽ ഭാഗമാകുന്നത്. ലോകോത്തര ബ്രാൻഡുകളുടെ ടെക് ഗാഡ്ജറ്റുകൾക്കും ഗൃഹോപകരണങ്ങൾക്കും ആകർഷകമായ ഓഫറുകൾ ഒരുക്കിക്കൊണ്ടാണ് ലുലു കണക്റ്റ് സജ്ജമാക്കിയിരിക്കുന്നത്. ലുലു ഹൈപ്പർമാർക്കറ്റിൽഗ്രോസറികൾക്കായി ആകർഷകമായ ഓഫറുകളാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. ബാഗുകൾ, പാദരക്ഷകൾ, കായികോപകരണങ്ങൾ, വീട്ടുപകരണങ്ങൾ, ഇലക്ട്രോണിക്സ്, ആഭരണങ്ങൾ, വാച്ചുകൾ വരെ വിലക്കുറവിൽ ലഭ്യമാക്കുന്നു.ബ്രൈഡൽ സങ്കൽപ്പങ്ങളുടെ ആകർഷകമായ കളക്ഷനുകളുള്ള ലുലു സെലിബ്രേറ്റിലും ഈ ഓഫറുകൾ ലഭ്യമാണ്. കൂടാതെ, ലുലു ഫൺടൂറയിലും കുട്ടികൾക്കായി പ്രത്യേക ഓഫറും ഏർപ്പെടുത്തിയിട്ടുണ്ട്. 6000 രൂപയുടെ റൈഡുകൾക്ക് പകുതി തുകയായ 3000 മാത്രം നൽകിയാൽ മതി. ഇവ കൂടാതെ സ്വാദിഷ്ടമായ വിവിധ ഭക്ഷണ വിഭവങ്ങൾ ഫുട്ട് കോർട്ടിൽ ആകർഷകമായ ഓഫറുകളോടെ ഉപഭോക്താക്കൾക്കായി ഒരുക്കിയിട്ടുണ്ട്.ലുലുവിലേക്ക് എത്തുന്ന ഉപഭോക്താകൾക്ക് 51 രൂപയുടെ ഇളവ് ഓല പ്രഖ്യാപിച്ചു. ലുലുവിലേക്കും , ലുലുവിൽ നിന്നുള്ള റൈഡുകൾക്കും ഈ ഇളവുണ്ടായിരിക്കും.അത്യുജ്വലമായ ഡിസ്കൗണ്ടുകൾക്കൊപ്പം രസകരമായ എന്റർടെയ്ൻമെന്റ് ഷോകളുമായി ഒരു പുതുമയാർന്ന ഷോപ്പിംഗ് അനുഭവമാണ് ലുലു സന്ദർശകർക്കായി ഒരുക്കുന്നത്. ലുലുവിന്റെ ഏറ്റവും മികച്ച ഓഫർ സീസണായ ഇത്തവണ, ഷോപ്പ് ചെയ്യുന്നവർക്ക് ആകർഷകങ്ങളായ സമ്മാനങ്ങൾ നേടാനും അവസരമുണ്ട്. ലുലുവിന്റെ ഓൺലൈൻ ഡെലിവറി ആപ്പ് വഴിയും http://www.luluhypermarket.in ഈ ഓഫറുകളിൽ ഓർഡുകൾ ലഭ്യമാണ്.കൊച്ചി ലുലു മാൾ ജനറൽ മാനേജർ ഹരി സുഹാസ്, ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, ലുലു സെലിബ്രേറ്റ് ബിസിനസ് ഹെഡ് സിദ്ധാർഥ് ശശാങ്കൻ, ഫൺടൂറ പാർക്ക് മാനേജർ സിയാദ് പടലത്ത്, സീനിയർ ഓപ്പറേഷൻസ് മാനേജർ സുകുമാരൻ ഒഥയോത്ത്, ലുലു കൊച്ചി റീട്ടെയ്ൽ ഡെപ്യൂട്ടി ജനറൽ മാനേജർ ജോ പൈനേടത്ത് ജോസി, ബയിങ്ങ് മാനേജർ ഷക്കീർ ഹമീദ്,  മാർക്കറ്റിങ്ങ് മാനേജർ ആതിര നമ്പ്യാതിരി, എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.




## സംരംഭകത്വ വർക്ക്ഷോപ്പ്

**കൊച്ചി:** വിദേശ വ്യാപാര മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ താത്പര്യപ്പെടുന്ന സംരംഭകർക്ക് 3 ദിവസത്തെ സംരംഭകത്വ വർക്ക്ഷോപ്പ് ജൂലൈ 19 മുതൽ 21 വരെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എൻട്രപ്രണർഷിപ്പ് ഡവലപ്മെന്റ്(KIED) ക്യാമ്പസിൽ സംഘടിപ്പിക്കുന്നു. സംരംഭകർക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്ന കയറ്റുമതി ഇറക്കുമതി മേഖലയിലെ അവസരങ്ങളെ കുറിച്ചുള്ള വർക്ക്ഷോപ്പിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷൻ, കസ്റ്റംസ്, വിവിധ ഇൻഡസ്ട്രി എക്സ്പെർട്സ് തുടങ്ങിയ വിദഗ്ദ്ധർ സെഷനുകൾ കൈകാര്യം ചെയ്യും. വർക്ക്ഷോപ്പിൽ ഇന്ത്യയുടെ കയറ്റുമതി വ്യാപാരത്തിലെ ഡോക്യുമെന്റേഷൻ നടപടിക്രമങ്ങൾ, വിദേശ വ്യാപാരത്തിൽ കസ്റ്റംസിന്റെ പങ്ക്, ക്രെഡിറ്റ് റിസ്ക് മാനേജ്മെന്റ്, എക്സ്പോർട്ട് ഫിനാൻസ് റിസ്ക് മാനേജ്മെന്റ്, അന്താരാഷ്ട്ര ഷിപ്പിംഗും ലോജിസ്റ്റിക്സും, എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ, മേഖലയിലെ സംരംഭകരുടെ അനുഭവം പങ്കിടൽ തുടങ്ങിയ ക്ലാസ്സുകളും ഉൾപ്പെടുത്തിയിരിക്കുന്നു. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം ഉൾപ്പെടെ 2,950 രൂപ ആണ് 3 ദിവസത്തെ പരിശീലനത്തിന്റെ ഫീസ്, തെരഞ്ഞെടുത്തവർ മാത്രം ഫീസ് അടച്ചാൽ മതി. താത്പര്യമുള്ളവർ ഓൺലൈനായി ജൂലൈ 11 ന് മുമ്പ് www.kled.info മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക0484 2532890 / 2550322/9605542061.

# മോട്ടോറോളയുടെ അൾട്രാ റേസർ 40 മൊബൈൽ ഫോൺ വിപണിയിൽ




**കൊച്ചി:** ലോകത്തിലെ ഏറ്റവും വലുതും വേഗതയിലുള്ളതുമായ ഉയർന്ന റെസല്യൂഷൻ ഡിസ്പ്ലേയുള്ള ഫ്ളിപ് മൊബൈൽ ഫോൺ മോട്ടോറോള റേസർ 40 അൾട്ര വിപണിയിലേക്ക്. മടക്കി വെക്കാൻ കഴിയുന്ന കനം കുറഞ്ഞ ഫോൺ ആണെന്നുള്ളതാണ് മറ്റൊരു സവിശേഷത. 165എച്ച് സെഡ് റിഫ്രഷ് നിരക്കോടു കൂടിയ 6.9 ഇഞ്ച് വലുപ്പമുള്ള ഡിസ്പ്ലേയാണ് റേസർ 40 അൾട്രക്കും റേസർ 40നും ഉള്ളത്.  ഫ്ളക്സ് വ്യൂ ടെക്നോളജിയാണ് ഇതിലുപയോഗിച്ചിരിക്കുന്നത്. 4200 എംഎഎച്ചിലുളഅള ബാറ്ററിയാണ് ഇതിനുള്ളത്. റേസർ അൾട്രക്കും റേസർ 40നും യഥാക്രമം 89,999 രൂപയും 59,999 രൂപയുമാണ്. 7000 രൂപ ഡിസ്കൗണ്ടും ക്യാഷ് ബാക്കും ലഭ്യമാക്കിക്കൊണ്ട് 82,999 ഉം 54,999 എന്ന നിരക്കിലും ലഭ്യമാകും. ജൂലൈ മൂന്ന് മുതൽ മുൻകൂട്ടി ബുക്ക് ചെയ്യാൻ കഴിയും. ജൂലൈ 15 മുതൽ വിൽപ്പന ആരംഭിക്കും. ആമസോൺ, മോട്ടോറോള.ഇൻ, റിലയൻസ് ഡിജിറ്റൽ എന്നിവടങ്ങളിലും മറ്റ് പ്രമുഖ റീട്ടെയ്ൽ സ്റ്റോറുകളിലും ലഭ്യമാകും. ബോളീവുഡ് നടി കൃതി സനോൺ  മോട്ടോറോളയുടെ ബ്രാൻഡ് അംബാസിഡറായും പ്രഖ്യാപിച്ചു. റേസർ പരമ്പരയിലുള്ള രണ്ട് പുതിയ ഫോണുകൾ കൂടി പുറത്തിറക്കുന്നതിൽ തങ്ങൾ അഭിമാനിക്കുന്നുവെന്ന് മോട്ടോറോള ഏഷ്യാ പസഫിക് എക്സിക്യൂട്ടീവ് ഡയറക്ടർ  പ്രശാന്ത് മണി പറഞ്ഞു.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives!




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | CERTIFIED ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663